
സത്യം അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 44 | ലക്കം 1 | 2017 മാർച്ച് 15

## വീട്ടുകാരുടെ ചിന്തയ്ക്ക്

**ഡി. പങ്കജാക്ഷക്കുറുപ്പ്** 2003 ജനുവരി 15

*ദർശനം അല്പം താമസിച്ചുപോയി. എങ്കിലും പൊതി നിറച്ചുണ്ട്. ഓരോന്നായി തുറന്നു നോക്കുക.*

ബഹുഭൂരിപക്ഷം പേർക്കും സ്വന്തം വീടുണ്ട്. ആ വീടാണ് ഓരോരുത്തരുടെയും ജീവിതലക്ഷ്യം. സ്വന്തം വീട്ടിൽ കിടന്നു മരിക്കണം എന്നാണ് സാധാരണ നാം കരുതാറ്. പലരും വീട്ടിൽ തന്നെ സംസ്കരിക്കപ്പെടുകയും ചെയ്യുന്നു. ജനനം, വളർച്ച, മരണം, സംസ്കാരം ഈ നാലു കാര്യങ്ങളും സ്വന്തം ഭവനത്തിൽ നടക്കാൻ കഴിഞ്ഞാൽ അതൊരു ഭാഗ്യമാണ്. പൊതുശ്മശാനത്തിൽ സംസ്കരിക്കേണ്ടി വന്നാൽ ചിതാഭസ്മമെടുത്ത് വീട്ടിൽ കൊണ്ടുവന്ന് ഒരു വർഷമങ്കിലും നിത്യേന വിളക്കുവെച്ച് അനുസ്മരിക്കുന്ന വീട്ടുകാരും ഉണ്ട്. ആരാധനാലയങ്ങളിൽ സംസ്കാരം നടന്നാൽ വീട്ടുകാർ ഇടയ്ക്കിടെ അവിടെ കുഴിമാടം സന്ദർശിച്ച് അനുസ്മരണം നടത്തിപ്പോരും. വീടുമായുള്ള വ്യക്തികളുടെ ബന്ധം അത്ര ഗാഢമാണ്. ഭൂമിയിൽ യാതൊരു ജീവിയും ഇങ്ങനെ ഗൃഹബന്ധം നിലനിർത്തുന്നില്ല.

രക്തബന്ധത്തിൽപ്പെട്ട മറ്റു വീടുകളെപ്പോലും സ്വന്തമായി കരുതാൻ നമുക്ക് കഴിയാതായിരിക്കുന്നു. തന്നെയല്ല മറ്റു വീടുകളുടെ മുന്നിൽ എന്റെ വീടിന്റെ ഒറ്റപ്പെട്ട മഹത്വം സ്ഥാപിക്കുവാൻ

ഓരോ വീട്ടുകാരും ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തു പോരുന്നു. വീട്ടിലെ ഓരോ അംഗവും ദിവസവും തങ്ങളുടെ സർവ്വ കഴിവുകളും അതതു വീടിനു വേണ്ടി തന്നെ വിനിയോഗിക്കണം എന്നൊരു ധാരണ പരക്കെ ഉണ്ട്. ഞാൻ എന്റെ വീടിനു വേണ്ടി നീ നിന്റെ വീടിനു വേണ്ടി അങ്ങനെ എല്ലാവരും കരുതുമ്പോൾ എല്ലാവീടും സ്വസ്ഥമാകുമല്ലോ എന്നൊരു സിദ്ധാന്തവും ഉണ്ട്. ഇന്ന് അങ്ങനെ ഒരു ധാരണയാണല്ലോ ഉള്ളത്. എന്നിട്ടും വീടുകൾ സ്വസ്ഥമാണോ? ഇവിടെയാണ് പുനർവിചിന്തനം വേണ്ടി വരുന്നത്. ഭൂമിയിലെ 1.10 കോടി വീടുകളും അതതിന്റെ കാര്യം നോക്കി ജീവിക്കുവാൻ ഇത്ര കാലവും നിരന്തരം ശ്രമിച്ചിട്ടും വീടും നാടും എന്തേ ഇത്രമാത്രം അസ്വസ്ഥമായിക്കൊണ്ടിരിക്കുന്നു? എന്തേ കുടുംബകലഹവും ആത്മഹത്യയും കൂടി വരുന്നു? എന്തുകൊണ്ട് വിവാഹബന്ധങ്ങൾ മാസങ്ങൾക്കകം മുറിയുന്നു? എന്തുകൊണ്ട് വീടുവച്ചവന് അനാഥാലയത്തിൽ കഴിയേണ്ടി വരുന്നു. ഒരു വീട്ടിൽ തന്നെ പല അടുക്കള, വലിയ വീടുകൾ നെടുകെയും കുറുകെയും വെട്ടിപ്പിളർന്ന് ഭാഗം ചെയ്യേണ്ടിവരുന്നു. വളരെ സ്വസ്ഥമെന്നു കരുതുന്ന പല വീടുകളും നിമിഷം കൊണ്ട് പിളർന്നു പോകുന്നുവല്ലോ. ഓരേ മാതാപിതാക്കളുടെ ലാളനയിൽ ഒരു വീട്ടിൽ വളരുന്ന കുട്ടികൾ പതുക്കെ പതുക്കെ ശത്രുക്കളാകുകയും ഉമ്മയേയും ബാപ്പയേയും വെറുക്കുകയും ചെയ്യുന്നു. വീടുകൾ കണ്ണീരിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. വെറുപ്പും വിദ്വേഷവും അസഹ്യതയും വീടുകളിൽ നിറയുന്നു. ഇതിനിടയിൽ പൊട്ടിച്ചിരിയും പരമാനന്ദവുമായി കഴിയുന്ന വീടുകളും ഇല്ലാതില്ല. ഇതൊക്കെയാണെങ്കിലും വീടിനുവേണ്ടി ജീവിക്കുക എന്ന ധാരണ ഒന്നിനൊന്ന് കൂടിക്കൂടി തന്നെ വരുന്നു. പഠിക്കുന്നതും, ഉദ്യോഗസ്ഥനാകുന്നതും ഭരണാധികാരി ആകുന്നതും ലോകത്തിനാകെ വേണ്ടിയാണെന്ന ധാരണ വളർത്തി എടുക്കാതെ കുടുംബ ജീവിതം ഭദ്രമാകാൻ മറ്റൊരു വഴി കാണുന്നില്ല. കുടുംബം ഉയരണമെങ്കിൽ കുടുംബാംഗങ്ങൾ കുടുംബത്തിൽ നിന്നും പുറത്തു വരണം. കുട്ടനാട്ടിൽ ഒരു ചൊല്ലുണ്ട് ഉറച്ചുപോയ വള്ളത്തിലിരുന്ന് എത്ര ശക്തിയായി പിടിച്ചാലും വള്ളം മുന്നോട്ടു നീങ്ങില്ല. പുറത്തിറങ്ങി നിന്നു പിടിച്ചാലേ വള്ളം നീങ്ങൂ. ആരും ഇരുന്നിടത്തു നിന്ന് എഴുന്നേറ്റ് പുറത്തേയ്ക്ക് ഇറങ്ങാൻ തയ്യാറാകുന്നില്ലല്ലോ. ആരെങ്കിലും ഇറങ്ങാൻ ശ്രമിച്ചാൽ

വീട്ടുലുള്ളവർ തന്നെ അകത്തേയ്ക്ക് പിടിക്കും. നമ്മുടെ വീട് അവതാളത്തിലാകും വീട്ടുകാര്യം നോക്ക് എന്നു പറഞ്ഞും പരിഭവിച്ചും യഥാർത്ഥത്തിൽ  വീടിന്റെ സുരക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരെ പിൻതിരിപ്പിക്കുന്നു. അവരറിയുന്നില്ല ഒറ്റയ്ക്കൊറ്റയ്ക്കുള്ള പരിശ്രമം മതിയാകില്ലെന്ന്. ഭൂമിയിലുള്ള എല്ലാ വീട്ടുകാരും പരസ്പരം കൈകോർക്കാതെ മനുഷ്യരാശി രക്ഷപെടില്ല. കൈകോർത്താൽ പിന്നെ ഭൂമിയിൽ ദരിദ്രരുണ്ടാവില്ല. രോഗികൾ ഉണ്ടാവില്ല. രക്തവും അഗ്നിയും നമ്മെ വിഴുങ്ങില്ല. ഭയം കൂടാതെ എവിടെയും സഞ്ചരിക്കാം. എവിടെയും കിടന്നുറങ്ങാം. വീടുകൾ ഇത്ര ബന്തവസ്സിൽ വയ്ക്കേണ്ടി വരില്ല, ആത്മഹത്യ ഉണ്ടാവില്ല, ഇതൊന്നും കൂടാതെ മറ്റൊരു നല്ല കാര്യം സംഭവിക്കുകയും ചെയ്യും. അതാണ് പരസ്പരാനന്ദാനുഭൂതി. നാം ഇതുവരെ അനുഭവിച്ചു തുടങ്ങിയിട്ടില്ലാത്ത മാനുഷിക ജീവിതസൗഖ്യം അന്നാണനുഭവമാകുക. പിന്നെ വിവാഹം ഉൽക്കണ്ഠയുടെ വിഷയമാകില്ല ആലോചിച്ചു നോക്കൂ. മനുഷ്യർ അന്യോന്യ ജീവിതത്തിന് ഒരുമ്പെട്ടാൽ ഇന്നു കാണുന്ന സാമൂഹ്യ വിരുദ്ധ ചെയ്തികൾ സകലതും അപ്രത്യക്ഷമാവില്ലേ? വീടുവിട്ടിറങ്ങലല്ല; സാമൂഹ്യ പ്രവർത്തനം. വീടിനു വേണ്ടി ഇറങ്ങലാണ്, വീടിനു വേണ്ടി വീടിനെ ചുറ്റി ജീവിക്കുന്നത് വീടിനും നാടിനും നഷ്ടമാണ്. ഒരു പാവൽ അതിന്റെ മൂട്ടിൽ തന്നെ ചുറ്റിപ്പിടിച്ചു വളരാൻ തുടങ്ങിയാൽ മുരടിച്ച് പോകുകയല്ലേ ഉള്ളൂ. ഈ മുരടിപ്പ് മനുഷ്യന് ഇന്ന് സംഭവിച്ചിരിക്കുകയാണ്. വീട്ടിലുള്ള ആബാലവൃദ്ധം സ്ത്രീപുരുഷന്മാരും കുട്ടികളും ദിവസേന പുതിയ കരുത്തുള്ള നാമ്പിട്ട് പുറത്തേയ്ക്ക് പടർന്നു കൊണ്ടിരിക്കണം. ക്രമേണ ധാരാളം പൂവും കായും ഉണ്ടാവുകയും ലോകം പരസ്പരാനന്ദത്തിൽ വരികയും ചെയ്യും.

ഇന്ന് വീട്ടിനുള്ളിൽ ഓരോരുത്തരും അനുഭവിക്കുന്ന സ്വാതന്ത്ര്യം വീടിനു പുറത്ത് ഒരിടത്തും കിട്ടുകയില്ല. വീട്ടിൽ സ്വതന്ത്രനും നാട്ടിൽ അപരിചതനും, അതാണിന്നത്തെ അവസ്ഥ. വിശന്നാലും ഉറക്കം വന്നാലും ഇരുണ്ടാലും വീട്ടിലെത്തുവാനാണ് നമുക്ക് തിടുക്കം. എന്തുകൊണ്ട്? നാം ഒറ്റവീട്ടുകാർ മാത്രമായി തീർന്നതാണതിനു കാരണം. ഇത്ര സങ്കുചിതനായി നശിക്കേണ്ടവനല്ല മനുഷ്യൻ. വിശാലമായ ഒരു കുടുംബബോധം വളർത്തി എടു

ക്കുവാൻ കഴിയും. ആ കഴിവ് നാം ഇതുവരെ വികസിപ്പിച്ചെടുത്തിട്ടില്ല. അതിന് സഹായകരമല്ല നമ്മുടെ ഒന്നും. നാം പരിശീലിച്ചുകൊണ്ടിരിക്കുന്ന പലതും നമുക്കെതിരാണ്. മനുഷ്യന്റെ മാനുഷികമായ വളർച്ചയ്ക്ക് സഹായകരമല്ല നമ്മുടെ സർക്കാരും വിദ്യാഭ്യാസവും ഈശ്വരവിശ്വാസം പോലും. നമ്മുടെ ഭവനങ്ങൾ മനുഷ്യന്റെ ബന്ധുത്വജീവിതത്തിന് പ്രോത്സാഹനം നൽകുന്നില്ല. ഓരോ വീടും വിശ്വാത്മബോധത്തിന്റെ ചെറിയ മാതൃകകളാവണം. ഒരു വീട്ടിൽ അവിയൽ, അടുത്ത വീട്ടിൽ തോരൻ പരസ്പരം കൊടുക്കുമ്പോൾ രണ്ടും വീട്ടിലും രണ്ടു കൂട്ടം കൂട്ടാനായി. ഇതിനാവശ്യം പച്ചക്കറിയല്ല ഉള്ളടുപ്പമാണ്. ദർശനം എത്തുന്ന ഓരോ വീടിനോടും ദർശനത്തിന് ഒരഭ്യർത്ഥനയുണ്ട്. മുളച്ചേടത്തു മുരടിച്ചു നിൽക്കുന്ന അണുകുടുംബ ജീവിതശൈലിയിൽ നിന്ന് വീട്ടിലെ സ്ത്രീപുരുഷന്മാർ ചുറ്റുവട്ടത്തിലേയ്ക്ക് നാമ്പിട്ടു പടരണം. എല്ലാവരും വേണ്ടപ്പെട്ടവർ എന്ന ഭാവം, കൊടുക്കൽ വാങ്ങൽ, കൂടി ആലോചന ഈ മൂന്നും നമ്മുടെ കുടുംബങ്ങളിൽ ഓരോരുത്തരും അവരുടെ മനസ്സാകുന്ന പൂച്ചട്ടിയിൽ നട്ട്, നിത്യേന വിവേക വളമിട്ട് സ്നേഹധാര നൽകി വളർത്തുവാൻ ശ്രമിക്കണം.

ഇഷ്ടികകൾ തമ്മിൽ നന്നായി അടുത്ത് കെട്ടിടത്തെ ബലവത്താക്കുന്നതുപോലെ ഓടുകൾ തമ്മിൽ ചേർന്ന് വീടുകളെ ചോരാതെ സൂക്ഷിക്കുന്നതു പോലെ, ഇഴകൾ തമ്മിൽ ചേർന്ന് വസ്ത്രമാകുന്നതു പോലെ വീടുകൾ തമ്മിൽ ചേർന്നാലെ ലോക ജീവിതം ആനന്ദമാകൂ. വീടുകൾ തമ്മിൽ ചേരുക എന്നതിനർത്ഥം വീട്ടിലുള്ളവരെല്ലാം മറ്റു വീട്ടുകാരെ സ്വന്തമായി കരുതി ജീവിക്കുക എന്നാണ്. വീട്ടിലേയ്ക്ക് ചുരുണ്ടുകൂടിയാൽ വീട്ടിലും നാട്ടിലും അസ്വാസ്ഥ്യം വർദ്ധിക്കും. ഈ സത്യം ഓരോരുത്തരും അവരവരുടെ മനസ്സിന് സദാ ഓതിക്കൊടുത്തു കൊണ്ടേ ഇരുന്നാൽ സാവധാനം ലോക ജീവിതം ധന്യമാകും.

## വനലീലാ ദർശനം

തേക്കടിക്കടുത്തുള്ള വള്ളക്കടവിലെ വനലക്ഷ്മി ഡോർമിറ്ററിയിലായിരുന്നു ഞങ്ങളുടെ താമസം. വനം വകുപ്പിന്റെ ചെറിയ വണ്ടിയിൽ രാവിലെ 6.30ന് ഗവി കണ്ടുവന്നതിന് ശേഷം ബീറ്റ്

ഫോറസ്റ്റ് ഓഫീസറായ ശ്രീകാന്തും സഹായി ചന്ദ്രൻ ചേട്ടനും കൂടി ഞങ്ങളെ ഉൾവനങ്ങളിലേയ്ക്ക് കാഴ്ചകൾ കാണാൻ കൊണ്ടു പോയി. യാത്രാരംഭത്തിൽ മാനുകളുടെ കരച്ചിൽ കേട്ട് ഞങ്ങൾ നദീതീരത്തിലേയ്ക്ക് ഓടി. അവിടെ അതാ മാനിന്റെ കൂട്ടത്തിൽ നിന്നും ഒന്നിനെ ചെന്നായ്ക്കൾ വളഞ്ഞിട്ട് ആക്രമിക്കുകയാണ്. ഞങ്ങൾ ബഹളം വെച്ച് ഓടിച്ചെന്നപ്പോഴേയ്ക്കും ചെന്നായ്ക്കൾ മാനിനെ ഉപേക്ഷിച്ച് ഓടിപ്പോയി. ഭയന്ന മാൻ കൂട്ടത്തെ നോക്കി ഞങ്ങൾ നിന്നു. ഇതു ശരിയായില്ലെന്ന് ശ്രീകാന്ത് പറഞ്ഞു. കാട്ടിൽ സ്വാഭാവികമായി നടക്കുന്ന ഒന്നിലും ഇടപെടരുത്, സംസാരം തന്നെ പാടില്ല. ഭാഷകൂടാതെയുള്ള ആശയ വിനിമയമാണ് കാട്ടിൽ നട ക്കുന്നത്. ഭാവഹാവാദികൾ കൊണ്ട് ജന്തുക്കൾ ആശയവിനിമയം നടത്തുന്നു. എങ്കിലും ഞാൻ അഭിമാനത്തോടെ പറഞ്ഞു ഞങ്ങൾ ആ മാനിനെ രക്ഷിച്ചില്ലേ സാർ. നിങ്ങൾ ആരെയാണ് രക്ഷിച്ചത്? ശ്രീകാന്ത് ചോദിച്ചു. ആ ചെന്നായ്ക്കളും കാടിന്റെ മക്കളാണ്, വന ദേവത അവർക്കും ആഹാരം ഒരുക്കിയിരിക്കുന്നു. അവരുടെ ആഹാ രമാണ് മാൻ. ഈ സംവിധാനത്തിലൂടെ മാനുകളുടെ ഫാമിലി പ്ലാനിംഗും വനത്തിന്റെ സന്തുലിതാവസ്ഥയും കൃത്യമായി പ്രകൃതി സംരക്ഷിക്കുന്നു. നാട്ടിലൊരാൾ ഒരു മൃഗത്തെ കൊല്ലാൻ തുട ങ്ങുമ്പോൾ അഹിംസാ സന്ദേശം കൊണ്ട് നിങ്ങൾക്കത് തടയാൻ കഴിഞ്ഞാൽ ആ മൃഗത്തെ രക്ഷിച്ചു എന്നു പറയാം. കാരണം സസ്യഭുക്കായ മനുഷ്യന് ഭക്ഷണത്തിനുള്ള ധാന്യങ്ങളും പഴങ്ങളും പ്രകൃതി സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഈ ചെന്നായ്ക്കളെ മാംസഭു ക്കുകളായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. അവയുടെ ആഹാ രമാണ് നിങ്ങൾ ചുണ്ടോടടുത്തപ്പോൾ തട്ടിത്തെറിപ്പിച്ചത്. ചത്തി ല്ലെങ്കിലും ആ മാനിന് കടി കിട്ടി. ഇനി ആ ചെന്നായ്ക്കൾ വെറുതെയി രിക്കില്ല അവർ മറ്റൊരു മാനിനെ ആഹാരത്തിനായി പിടിക്കും മാനിനെ പിടിക്കുന്നവിധം ശ്രീകാന്ത് വിവരിച്ചു. ശ്രദ്ധയോടെ കേട്ടാലും.

## വേട്ട

ചെന്നായ്ക്കൾ മാനുകളുടെ കൂട്ടത്തിൽ നിന്നും ഒരു മാനിനെ കഴിയുന്നത്ര ദുർബലനെ ലക്ഷ്യമിട്ട് ഒറ്റപ്പെടുത്തി ഓടിക്കുന്നു. നല്ല ഓട്ടക്കാരനായ മാൻ ഒരു പ്രയാസവും കൂടാതെ ഓടിയകലുന്നു. പക്ഷേ ഇടയ്ക്ക് പതിയിരിക്കുന്ന ചെന്നായ്ക്കൾ മാനിനെ

നിൽക്കാൻ അനുവദിക്കാതെ ഓടിച്ചു കൊണ്ടിരിക്കുന്നു. മാനുകൾ കുറേ ഓടിക്കഴിഞ്ഞാൽ അവയുടെ കുളമ്പ് ചൂടാവും അവ തമ്മില കന്ന് വേദന അനുഭവപ്പെടും. പിന്നെ അത് തണുക്കുവാനായി പുഴ യിലിറങ്ങണം. ചെന്നായ്ക്കൾ ഉദ്ദേശിക്കുന്ന നദീതീരത്തിലേയ്ക്ക് മാനിനെ ഓടിച്ച് പുഴയിൽ ചാടിക്കുന്നു. ഈ ഓപ്പറേഷന്റെ ആരം ഭത്തിൽ തന്നെ രണ്ട് ചെന്നായ്ക്കൾ വെള്ളത്തിലിറങ്ങികിടക്കും കുളിക്കാനല്ല അവിടെ ഇറങ്ങി കിടക്കുന്നത്. മാനിനെ തന്റെ കൂട്ടു കാർ വളച്ച് ഇവിടെ കൊണ്ടു വരുന്ന സന്ദർഭം പ്രതീക്ഷിച്ചു കിടക്കുന്ന ചെന്നായ്ക്കൾ തൽക്ഷണം അതിനെ ആക്രമിച്ച് കീഴ്പ്പെ ടുത്തും. ഫോണോ, സംസാരമോ ഒന്നും കൂടാതെയാണ് ചെന്നാ യ്ക്കൾ ഈ ഓപ്പറേഷൻ കൃത്യമായി നടത്തുന്നത്. കാടല്ലെ എന്തു മാകാമെന്ന് കരുതരുത്. ഇവിടെ ഡൽഹിയിലേക്കാൾ ഉറച്ച ഒരു ഭരണസംവിധാനം നിലനിൽക്കുന്നുണ്ട്. വരൂ അതൊക്കെയറിയാൻ ഞങ്ങളോടൊപ്പം കാട്ടിലേയ്ക്ക്. "കാണാത്ത കാഴ്ചകൾ കാണാല്ലോ കേൾക്കാത്ത കാര്യങ്ങൾ കേൾക്കാല്ലോ".

ശ്രീകാന്ത് ആയുധധാരിയായി മുൻപിലും നിശബ്ദരായി ഞങ്ങൾ 51 പേരും വരിവരിയായി പിന്നിലും ഏറ്റവും പിറകിലായി കാടുമായി ഒരു ജീവിതകാലം മുഴുവൻ ബന്ധപ്പെട്ട അനുഭവ സമ്പ ത്തുള്ള ചന്ദ്രൻചേട്ടനുമായി ഞങ്ങൾ വനയാത്ര ആരംഭിച്ചു. ഇത് കാടാണ് എല്ലാം മൗനമായി ദൈവീകചിന്തയോടെ കണ്ട് ആസ്വദി ക്കുക. കരിങ്കുരങ്ങ്, മലയണ്ണാൻ, കാട്ടുകോഴികൾ, സംഗീതകച്ചേരി നടത്തുന്ന മൈനകൾ എന്നിവയെ കണ്ട് കാട്ടരുവികളുടെ ഓരത്തു കൂടി കുറച്ചു നടന്ന് ആശ്രമാന്തരീക്ഷം തുടിച്ചു നിൽക്കുന്ന ഒരു പ്രദേശത്തെത്തി. ആന, കടുവ, കരടി, പുലി, കാട്ടുപോത്ത് എന്നീ മൃഗങ്ങളുടെ ആവാസസ്ഥാനമാണിവിടം. ശ്രീകാന്ത് ഓരോ മൃഗ ത്തെക്കുറിച്ചും ഞങ്ങൾക്ക് പറഞ്ഞു തന്നു കൊണ്ടിരുന്നു. ഇതെല്ലാം എങ്ങനെ അക്ഷരങ്ങളിലാക്കും എങ്കിലും കഴിയുന്നതൊക്കെ കുറി ക്കാം. ശ്രീകാന്ത് പറയുന്നതെല്ലാം കേൾക്കാനായി വൃക്ഷശിഖര ങ്ങളിലും വള്ളികളിലും പാറക്കല്ലുകളിലുമായി വനത്തിൽ ഞങ്ങൾ ചുറ്റും കൂടിയിരുന്നു. **അതിശക്തനും, ശ്രദ്ധാലുവും സുന്ദരനുമായ കടുവ** ഇവിടെ രാജാവിനെപ്പോലെയാണ് വാഴുന്നത്. സ്വതന്ത്ര വിഹാ രത്തിന് തന്റേതായ ഒരു സാമ്രാജ്യം അതിർത്തി നിർണ്ണയിച്ച് സംര

ക്ഷിക്കും. പല ഭാര്യമാരുണ്ടാവും എല്ലാവരുടേയും ക്ഷേമാന്വേഷണം കൃത്യമായി നടത്തും. ഇവിടെ മറ്റു ആൺ കടുവകൾക്ക് പ്രവേശനമില്ല. എന്നൊരു ബോർഡ് മൃഗഭാഷയിൽ രേഖപ്പെടുത്തും. മരങ്ങളിൽ തന്റെ ദേഹം ഉരച്ചും, കറയുള്ള വൃക്ഷങ്ങളിൽ പരമാവധി കയ്യുയർത്തി മാന്തി പാടുണ്ടാക്കിയുമാണ് ഇത് തന്റെ വാസസ്ഥാനമാണ് എന്ന് രേഖപ്പെടുത്തുന്നത്. ഇത് കാണുന്ന മറ്റ് കടുവകൾ മാറിപ്പോകുകയോ കൂടുതൽ കരുത്തനെങ്കിൽ മരത്തിൽ മാന്തിക്കീറിയ അടയാളത്തിന് മുകളിൽ മാന്തി അങ്കം കുറിക്കുകയോ ചെയ്യും. നിന്നെ എടുത്താളാം എന്നാണ് ഈ മാന്തലിന്റെ അർത്ഥം. പിന്നെ ഒരു പോരാട്ടത്തിന്റെ പുറപ്പാടായി. ഇവിടെ ചതിയൊന്നുമില്ല നേർക്കുനേരെയുള്ള പോരാട്ടം. വനത്തിലെ വ്യവസ്ഥാപിതമായ നിയമങ്ങളിലൂടെ പ്രകൃതി അതിന്റെ സന്തുലിതാവസ്ഥ സംരക്ഷിച്ചു കൊണ്ടിരിക്കുന്നു.

കൂട്ടത്തിലൊരാളുടെ സംശയം ആനകളിൽ **ഒറ്റയാൻ പ്രതിഭാസം** എന്നാലെന്താണ്? ശ്രീകാന്ത് പറഞ്ഞു തുടങ്ങി. ആനകൾ കൂട്ടു കുടുംബമായി കഴിയുന്നു. വനിതാപഞ്ചായത്താണ്. ഭരണം പ്രായമുള്ള അമ്മമാർക്കാണ്. കൊമ്പനും ഇത് അനുസരിക്കുന്നു. ഇന്ന് എവിടെയാണ് മേയാൻ പോകേണ്ടത് എന്ന് തീരുമാനിച്ച് ഒന്നിച്ച് പോകും. കൊമ്പന്റെ കൊമ്പ് മനുഷ്യർ കണ്ടാൽ അപകടമാണെന്ന തിരിച്ചറിവ് ആനയ്ക്കുണ്ട്. മനുഷ്യരെ കണ്ടാൽ പിടിയാന തന്റെ ദേഹം കൊണ്ട് കൊമ്പനെ മറച്ച് ഉള്ളിലോട്ട് തള്ളിവിട്ട് സംരക്ഷിക്കും. കൂട്ടത്തിലുള്ള പിടിയാനകളെ കൊമ്പൻപിള്ളാര് പീഡിപ്പിക്കാൻ ശ്രമിച്ചാൽ ആനയമ്മ അവനെ ആട്ടിപ്പുറത്താക്കും. ഇത് നാടല്ല കാടാണ്. അച്ചടക്കം വേണം. ആനയമ്മയ്ക്ക് അത് നിർബന്ധമാണ്. പുറത്താക്കപ്പെട്ട ആന പിന്നെ ഒറ്റയ്ക്ക് വളരണം മറ്റ് ആനക്കൂട്ടങ്ങളിലും പ്രവേശനമില്ല. അവരോടൊപ്പം കഴിയണമെങ്കിൽ അവരിലൊരാളെ മത്സരത്തിൽ ജയിക്കണം. തോറ്റു പോയാൽ വീണ്ടും പുറത്ത് അങ്ങിനെ ഒറ്റയാനായി കഴിയേണ്ടി വരും അതാണ് വിധി.

**അനന്തശയനം** :- വരൂ കുറച്ചു കൂടി കാട്ടിലേയ്ക്ക് നടക്കാം. ഓരോ നെല്ലിക്കയും തിന്ന് ഞങ്ങൾ യാത്ര തുടർന്നു. അതാ മുകളിൽ ഈറ്റക്കാട്ടിൽ ഒരു നല്ല ഏറുമാടം കാണാം ഒന്നു കയറി നോക്കി

യാലോ, ശ്രീകാന്ത് പറഞ്ഞു അതിനെന്താ കയറിക്കോളൂ. അതിനു മുമ്പ് അത് ആരുടെ കൂടാണെന്ന് അറിയണ്ടേ? അതാണ് രാജവെമ്പാലയുടെ ശയനഗൃഹം. അനന്തശയനം. അയ്യോ കയറാൻ പോയവർ ഒന്നു നിന്നു ഭയപ്പെടേണ്ട ശ്രീകാന്ത് പറഞ്ഞു അത് കഴിഞ്ഞ വർഷം കൂടൊഴിഞ്ഞതാണ്. ഈറലുകൾ ഒന്നൊന്നായി പകുതിക്കു മുകളിൽ നിന്ന് താഴോട്ട് വളച്ച് ചുറ്റി ഫെവിക്കോളിനേക്കാൾ പശയുള്ള തന്റെ ഉമിനീരു കൊണ്ട് ഒട്ടിച്ചാണ് പാമ്പ് ഈ ശയന ഗൃഹം നിർമ്മിക്കുന്നത്. ചിലന്തി വല നിർമ്മിക്കും പോലെ വായിൽ നിന്നും വരുന്ന ഉമിനീരും ഇലകളും കൊണ്ട് റബ്ബർഷീറ്റു പോലെ നല്ല ഒരു പ്രതലം നിർമ്മിച്ചാണ് കുടുംബസമേതം ഇവർ വാഴുന്നത്. നദീതീരമായത് കൊണ്ടാവാം ഇത്ര ഉയരത്തിൽ കൂടു കൂട്ടുന്നത്. കർശനമായ സദാചാര നിഷ്ഠ കുടുംബജീവിതത്തിൽ ഇവർ പാലിക്കുന്നു. ഭാര്യയ്ക്ക് ഭർത്താവും ഭർത്താവിന് ഭാര്യയും മറ്റ് ദാമ്പത്യബന്ധമൊന്നും ഒരിക്കലുമില്ല. തന്റെ വാസഗൃഹത്തിന് അരികിലേയ്ക്ക് ആര് അതിക്രമിച്ച് വന്നാലും ഒന്ന് ചീറ്റി ശബ്ദമുണ്ടാക്കി ഇങ്ങോട്ട് കടക്കരുത് എന്നറിയിക്കും, കടിക്കുകയില്ല. രാജവെമ്പാലയാണ് പ്രജകളെ അകാരണമായി ഉപദ്രവിക്കുകയില്ല. അനുസരണക്കേട് കാട്ടിയാൽ മാത്രം ഉയർന്നു പൊങ്ങി കൊത്തിയെന്നു വരും അത് ആനയാണെങ്കിലും മസ്തകത്തിൽ തന്നെ കൊത്തും. പിന്നെ എങ്ങും ചെന്ന് അതിർത്തി ലംഘിക്കുകയില്ല അതിന് ആളുണ്ടാവില്ല. ഞങ്ങളെല്ലാം അത്ഭുതത്തോടെ കേട്ടിരുന്നു. അനന്തശയനം കണ്ടിട്ട് ഞങ്ങൾ വീണ്ടും നടന്ന് വിശാലമായ ഒരു നദീതടത്തിലെത്തി. വശങ്ങളിൽ ശാന്തഗംഭീരമായ വനം. വൃക്ഷ ശിഖരങ്ങളിൽ നൂറ് കണക്കിന് മൈനകളിരുന്ന് പാടി തിമിർക്കുകയാണ്. ശ്രീകാന്ത് കാടിനെക്കുറിച്ച് നന്നായി പറഞ്ഞു തന്നു കൊണ്ടിരുന്നു. ശരിക്കും **പരസ്പരാനന്ദ ജീവിതം ഉള്ളത് കാട്ടിലാണ്.** നാം ബാഹ്യമായ കാഴ്ചകൾ മാത്രം കണ്ടാൽ പോര. അതിന്റെ വാസ്ഥവ തലത്തിലേക്ക് മനസ്സുയരണം. ആകാശവും വായുവും നദിയും കാടും ജീവികളുമെല്ലാം തമ്മിൽ നല്ല ലയനമാണ്. എല്ലാം ഒരേയൊരു ഉണ്മ തന്നെ. സകലതും തമ്മിൽ ബന്ധിപ്പിച്ച് ഇങ്ങനെ നില നിർത്തിയിരിക്കുന്നത് പരസ്പര പ്രേമമാണ്. ഇവിടെ പകയും വിദ്വേഷവുമില്ല, മലിനീകരണമില്ല, കൂടങ്ങളില്ല, ഭരണകൂടവും, പള്ളിക്കൂടവും, അച്ചുകൂടവും ഇവിടെയില്ല. ഇവയിൽ നിന്നെല്ലാം മുക്തമായ

ഭരണ സംവിധാനമാണ് ഇവിടെ നടക്കുന്നത്. ആഹാരത്തിനായി മാത്രം ഉള്ള മാംസഭുക്കുകളുടെ ഇരപിടുത്തം അത് ഹിംസയല്ല. കാരണം അതിൽ വിദ്വേഷമില്ല വിശപ്പടക്കണം അത്ര തന്നെ.

മനുഷ്യ നിർമ്മിതമായതിനെല്ലാം ശുചീകരണം വേണ്ടി വരും. മനുഷ്യന്റെ ഇടപെടലുകളില്ലെങ്കിൽ ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് ഒരു കോട്ടവും ഒരിക്കലും ഉണ്ടാവുകയില്ല. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്തുലിതാവസ്ഥ ഭംഗം വരാതെ സംരക്ഷിക്കുകയാണ് മനുഷ്യന്റെ കടമ. മനുഷ്യന്റെ നിലനിൽപ്പിന് മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. ഇപ്പോൾ അത് തകർന്നിരിക്കുന്നതിനാലാണ് കവി പാടിയത് "ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമോ".

കുട്ടികൾക്ക് മൃഗങ്ങളുടെ ജീവിതരീതിയെക്കുറിച്ച് അറിയണം അവർ ശ്രീകാന്തിന് ചുറ്റും കൂടി ചോദ്യങ്ങളാണ്. ഇപ്പോൾ ഒരു കരടി ഞങ്ങളെ പിടിക്കുവാൻ വന്നാൽ സാർ ഈ തോക്കെടുത്ത് അതിനെ വെടിവെയ്ക്കുമോ. ശ്രീകാന്ത് പറഞ്ഞു ഈ വനം വന്യജീവികളുടെ വീടാണ് തോക്ക് അവരെ സംരക്ഷിക്കുവാനാണ്. പണ്ട് ഈ വനമേഖല നായാട്ടിനാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് ഇതിന്റെ പേര് പെരിയാർ കടുവ സംരക്ഷണ കേന്ദ്രം എന്നാണ് നായാട്ട് പാടില്ല. ഇവിടെ ആനക്കൊമ്പിനായോ മൃഗങ്ങളെ വേട്ടയാടാനോ മനുഷ്യർ വന്നാൽ അവരെ വെടിവെയ്ക്കുവാനാണ് തോക്ക്. അച്ചടക്കത്തോടെ ഇവിടെ ഓരോന്ന് കണ്ടു നടന്നോളൂ മലയണ്ണാനും, നാനാതരം കുരങ്ങുകളും പക്ഷികളും ചുറ്റിനുമുണ്ട്. വഴിയിൽ കിടന്ന ഉണങ്ങിയ ആനപ്പിണ്ഡം പൊളിച്ച് അതിലുള്ള വണ്ടുകളെ കാണിച്ചിട്ട് ശ്രീകാന്ത് പറഞ്ഞു ഈ വണ്ടുകൾ മണ്ണിനടിയിലേയ്ക്ക് ആഴ്ന്നിറങ്ങി ഒരു ആമയോളം വലുതാവും. കരടിയുടെ ഭക്ഷണമാണ് ഇവ. കരടി നടക്കുമ്പോൾ ഇടയ്ക്കിടെ തല ചെരിച്ച് നോക്കാറുണ്ട് മണ്ണിനടിയിലിരുന്ന് മൂളുന്ന വണ്ടിനെ ശ്രദ്ധിച്ചാണ് ഈ നടപ്പ് തിരിച്ചറിഞ്ഞാൽ മാന്തി ശാപ്പിടും.

പ്രിയമുള്ളവരേ വനത്തിൽ കണ്ടതും കേട്ടതും ഭയപ്പെട്ടതും സന്തോഷിച്ചതുമെല്ലാം ഇവിടെ അതുപടി കുറിക്കുക പ്രയാസമാണ് ഒരു ഏകദേശ ധാരണ തരാനുള്ള ശ്രമം മാത്രമാണിത്. അത് പൂർണ്ണമാകണമെങ്കിൽ ഈ മധുരസ്മരണകൾ നിലനിർത്തിക്കൊണ്ട് വരൂ

നമുക്ക് യാത്രാരംഭം മുതലുള്ള കാഴ്ചകൾ കാണാനുണ്ട് അതിനായി ജനുവരി 28-ാം തീയതി പുറപ്പെട്ട ദർശനം കുടുംബാംഗമായ ശ്രീനാഥ് സാറിന്റെ **ശ്രീശങ്കരാ ട്രാവൽസിലേയ്ക്ക് മാനസികമായി ഒന്ന് കയറിക്കോളൂ.**

രാവിലെ 5.45ന് അമ്പലപ്പുഴ കിഴക്കേ നടയിൽ നിന്നും സതീഷ്ചന്ദ്രൻ, പ്രേമ, ശംഭു എന്നിവരുമായി പുറപ്പെട്ട വണ്ടി ഇരട്ടക്കുളങ്ങരയിൽ എത്തി അശോക് തോമസിനേയും, ശിവശങ്കരനേയും കയറ്റി നീർക്കുന്നത്തെത്തി. രമേശാന് സാരഥി, മനു സഹായിയും. നീർക്കുന്നത്ത് നിന്നും സാം ജോസ്, സജീവൻ, മകൾ മീനാക്ഷി, അനിൽ കുമാർ കഞ്ഞിപ്പാടം, പ്രൊഫ. ശിവശങ്കരൻ പിന്നെ ഞങ്ങളുമായി അത്യാവശ്യം സാധനങ്ങളും കയറ്റി യാത്ര പുറപ്പെട്ടു. പുന്നപ്രയിൽ നിന്നും ബാബു, ചന്ദ്രൻപുറക്കാട്, സരോജിനി ചേച്ചി എന്നിവരുമായി കളർകോടെത്തി അഷറഫ്, ഷാജഹാൻ, ബാഷ, ഷാജി, മുഹമ്മദ് അലി, തൻസീർ, സുരേഷ്, ആശ മകൾ ദേവി തുടങ്ങിവരെല്ലാം കുടുംബസമേതം എത്തിയിട്ടുണ്ട്. എറണാകുളത്തു നിന്ന് ഗിരിജനും വന്നു ചേർന്നു. പരസ്പരാനന്ദ യാത്രാ ബാനർ വണ്ടിയിൽ കെട്ടി യാത്ര തിരിച്ച് ഞങ്ങൾ ചങ്ങനാശ്ശേരിയിൽ എത്തി. അവിടെ നിന്നും അനിൽകുമാറും ബസുമയും വണ്ടിയിൽ കയറി. വണ്ടിയിൽ എല്ലാവർക്കും കൂവളത്തിന്റെ ഇല വിതരണം ചെയ്തു. യാത്രയ്ക്കു മുമ്പുള്ള നമ്മുടെ രോഗപ്രതിരോധ കുത്തിവെയ്പ്പാണിത്. ഈ മൾട്ടി വൈറ്റമിൻ ലീഫ് പ്രമേഹത്തിനും ഉത്തമം. തുടർന്ന് വണ്ടി കറുകച്ചാൽ പുളിക്കൽ കവല വഴി വാഴൂരുള്ള അമൃതം പ്രകൃതി ജീവന കേന്ദ്രത്തിൽ 8.30ന് എത്തി ഒന്ന് വിശ്രമിച്ചു.

**അമൃതം പ്രകൃതി ജീവന കേന്ദ്രം** :- ശ്രീ. സി.ആർ.ആർ വർമ്മയുടെ ശിഷ്യനായ വിശ്വംഭരൻ സുഹൃത്തുക്കളുമായി ചേർന്ന് ആരോഗ്യ രക്ഷയ്ക്കായി നടത്തി വരുന്ന ഒരു വിദ്യാലയമാണ് അമൃതം പ്രകൃതി ജീവന കേന്ദ്രം. ആരോഗ്യ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ, ജീവിത രീതി, യോഗ എന്നിവ ഇവിടെ താമസിച്ച് പഠിച്ച് വീട്ടിലേയ്ക്ക് മടങ്ങിപ്പോകാം. താമസത്തിനുള്ള മുറികളും പ്രകൃതി ഭക്ഷണവും നല്ല അന്തരീക്ഷവും കൂട്ടിനുണ്ട്. എം.ആർ.ജി എന്നറിയപ്പെടുന്ന ഡോ. ഗോപാലകൃഷ്ണൻ നായരുടെയും സുഹൃത്തുക്കളുടെയും സ്വീകരണം ഞങ്ങൾക്ക് അമൃതായിരുന്നു. ആരോഗ്യ

സംരക്ഷണത്തെ കുറിച്ച് അദ്ദേഹം നല്ല ഒരു ക്ലാസ്സെടുത്തു. സാത്വികമായ നല്ല ഭക്ഷണം കഴിക്കുക, യോഗ ചെയ്യുക, രോഗം വന്നാൽ ഉപവസിക്കുക, കൃഷിയും വ്യായാമവും കൂടി ഉണ്ടെങ്കിൽ ആശുപത്രിയിലേയ്ക്കൊന്നും പോകേണ്ട എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തുടർന്ന് ഞങ്ങളും അന്തേവാസികളും ചേർന്ന് മാനുഷിക ധ്യാനം നടത്തി. യോഗത്തിൽ പ്രൊഫ. ശിവശങ്കരൻ സാർ അദ്ദേഹം തർജ്ജമ ചെയ്ത സ്വാധീന സ്വാസ്ത്യമഹാവിദ്യ എന്ന ഗ്രന്ഥം പരിചയപ്പെടുത്തി. വർമ്മാജിയുടെ ഗുരുവായ സ്വാമിനാഥന്റേയും ഗുരു ലക്ഷ്മണ ശർമ്മാജിയുടെ പുസ്തകമാണിതെന്നറിഞ്ഞ എം.ആർ.ജി.ക്ക് വളരെ സന്തോഷമായി. ശിവശങ്കരൻ സാറിന്റെ കയ്യിലുണ്ടായിരുന്ന 17 പുസ്തകങ്ങളും അദ്ദേഹം വാങ്ങി ഒരു പുസ്തകം വൈക്കം പുഷ്ക്കരൻ മാസ്റ്റർക്കും നൽകി. മാസ്റ്ററും കുടുംബവും ഇവിടെ നിന്നാണ് ഞങ്ങളോടൊപ്പം ചേർന്നത്. എല്ലാവരും കഞ്ഞിയും കപ്പയും ഒരു പ്രകൃതി ചമ്മന്തിയും ഉപ്പിലിട്ടതുമായി തൃപ്തിയോടെ ഭക്ഷണം കഴിച്ചു. ചുറ്റും നടന്നു കണ്ടു. രോഗികൾക്കുള്ള താമസസൗകര്യങ്ങളും അത് തികയാഞ്ഞ് മുപ്പതോളം പേർക്ക് താമസിക്കുവാൻ ഒരു കെട്ടിടവും പണി തീർന്നു. അന്തേവാസികളെ പരിചയപ്പെട്ട് അവർക്കെല്ലാം ദർശനവും ഓഫീസിലേയ്ക്ക് ദർശനം കലണ്ടറും നൽകി. **അമൃതം ഫോൺ നമ്പർ 9495519963**. എം.ആർ.ജി.യോടും മറ്റെല്ലാ അന്തേവാസികളോടും സ്നേഹാദരങ്ങൾ പങ്കിട്ട് ഞങ്ങൾ യാത്ര തിരിച്ചു. മൈക്കുള്ളതിനാൽ വണ്ടിയിലെ യാത്രാസമയം പരിചയപ്പെടലിനും ക്ലാസ്സുകൾക്കുമായി ഉപയോഗപ്പെടുത്തുന്നു. നല്ല നല്ല ആശയങ്ങൾ പ്രൊഫ. ശിവശങ്കരൻ സാറും, സാം ജോസും, ഗിരിജനും, ബസുമയും ഒക്കെ പറഞ്ഞു തരുന്നത് കേട്ടു കൊണ്ട് പ്രകൃതിയുമാസ്വദിച്ച് യാത്ര തുടരുക. പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കുട്ടിക്കാനം വഴി പീരുമേടിലെത്തി. വണ്ടിപ്പെരിയാറിനു മുമ്പായ് തെക്കോട്ട് 7 കിലോമീറ്റർ യാത്ര ചെയ്ത് പരുന്ത് ചിറക് വിരിച്ചു നിൽക്കും പോലെയുള്ള ഒരു മലമുകളിലെത്തി. ഇതാണ് വിഖ്യാതമായ **പരുന്തുംപാറ**. കിഴക്കോട്ട് നോക്കെത്താത്ത ദൂരം മലനിരകൾ, പൊന്നമ്പലമേടും, ശബരിമലയും തെക്കു പാഞ്ചാലിമേടും എല്ലാം കൂടി സുന്ദരമായ കാഴ്ച തന്നെ. എല്ലാം ഒന്ന് നടന്നു കണ്ട് വണ്ടിപ്പെരിയാറെത്തി, കക്കി കവല വഴി 8 കിലോമീറ്റർ കൂടി സഞ്ചരിച്ച് ശബരിമല റൂട്ടിലുള്ള വള്ളക്കടവ് ചെക് പോസ്റ്റും

കടന്ന് വനലക്ഷ്മി ഡോർമെറ്ററിയോട് ചേർന്ന് വണ്ടി പാർക്കു ചെയ്തു. ഇനി എല്ലാവരും ഇറങ്ങി കൊള്ളുക ഇതാണ് നമ്മുടെ താമസസ്ഥലം.

**വനലക്ഷ്മി** :- പേര് അന്വർത്ഥം തന്നെ. വനത്തിൽ പെരിയാറിന്റെ തീരത്ത് ചുറ്റും കിടങ്ങുമായി വിശാലമായ പൂന്തോട്ടത്തിന് നടുവി ലാണ് വനലക്ഷ്മി. വലിയ കോൺഫറൻസ് ഹാൾ, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ഡോർമെറ്ററികൾ, ആവശ്യത്തിന് കുളി മുറികളും തൊട്ടടുത്തു തന്നെ എല്ലാ സൗകര്യങ്ങളോടും കൂടി കാന്റീനുമുണ്ട്. ബാഗുകളൊക്കെ എടുത്തുവെച്ചിട്ട് വന്നുകൊള്ളൂ മണി രണ്ടരയായി നമുക്ക് ഊണ് കഴിക്കാം. നല്ല വിശപ്പും സുഖഭ ക്ഷണവും കൂടിയായപ്പോൾ തൃപ്തിയായി. പിന്നെ ഡോർമെറ്ററിക്ക് ചുറ്റും കുറച്ചൊരു നടത്തം. മുളങ്കാടുകൾ, കോട്ടേജുകൾ, യോഗ സ്ഥലങ്ങൾ, ക്യാംപ്ഫയറിനുള്ള സൗകര്യങ്ങൾ എല്ലാം വളരെ മനോഹരമായി സംരക്ഷിച്ചിരിക്കുന്നു വനം വകുപ്പിന് നമസ്കാരം. വൈകിട്ട് ഒരു ചായയും കേക്കും കഴിച്ച് വനം വകുപ്പിലെ രാജു വിന്റെ സഹായത്തോടെ ആദിവാസി കോളനി വഴിയേ ഒന്ന് നട ക്കാൻ ഇറങ്ങി. വഴിനീളെ വാനരന്മാരുടെ സംഘമുണ്ട്. വീട്ടു സാധ നങ്ങൾ വാങ്ങി സന്ധ്യയ്ക്കു മുമ്പെ കോളനിയിൽ എത്താൻ പലരും തിരക്കിട്ട് നടക്കുന്നു. മലയരയൻ, മന്നാൻ, ഊരാളി, ഉള്ളാടൻ, പുളി യൻ, മലപ്പണ്ടാരം എന്നീ വിഭാഗങ്ങളിലുള്ള ആദിവാസികളാണ് ഇവിടെ വനത്തെ ആശ്രയിച്ച് ജീവിക്കുന്നത്. കൃഷിയും വനവിഭ ങ്ങളും കൊണ്ട് അവർ ജീവിക്കുന്നു. വിവരങ്ങളൊക്കെ കേട്ട് സന്ധ്യയ്ക്ക് മുമ്പേ ഡോർമറ്ററിയിൽ മടങ്ങിയെത്തി യോഗം ചേർന്നു. ശ്രീകാന്ത് പെരിയാർ ടൈഗർ സംരക്ഷണ കേന്ദ്രത്തെ ക്കുറിച്ച് ക്ലാസ്സെടുത്തത് എല്ലാവർക്കും ഹൃദ്യമായി.

**മുല്ലപ്പെരിയാർ അണക്കെട്ടിന്** 400 മീറ്റർ അടുത്താണ് ഞങ്ങ ളുടെ ഡോർമിറ്ററി. തമിഴ്നാട്ടിലെ ശിവഗിരി കുന്നിൽ നിന്നും വരുന്ന പെരിയാറും ചൊക്കൻപെട്ടിയിൽ നിന്നും വരുന്ന മുല്ലയാറും ചേർന്നാണ് മുല്ലപ്പെരിയാർ രൂപപ്പെടുന്നത്. ഇതൊരു മേസൻറി ഡാമാണ്. ശർക്കരയും ചുണ്ണാമ്പും ചേർത്തുണ്ടാക്കുന്ന സുർക്കിയും കല്ലും കൊണ്ടാണ് എഞ്ചിനീയറായ കേണൽ ജോൺ പെനി ക്വിക്ക് ഈ ഡാം നിർമ്മിച്ചത്. 1887ൽ ഇതിന്റെ പണി ആരംഭി

ച്ചു. വരണ്ടുണങ്ങികിടക്കുന്ന കമ്പം താഴ്വരകളുടെ ദാഹം തീർക്കുകയായിരുന്നു ലക്ഷ്യം. അങ്ങനെ 26 ച.മി പെരിയാർ തടാകം രൂപപ്പെട്ടു. നിർമ്മാണ ഘട്ടത്തിൽ പല അപകടങ്ങളും ഉണ്ടായി വെള്ളപ്പാച്ചിലിൽ 150 നിർമ്മാണ തൊഴിലാളികൾ മരിച്ചു പോയി. അതോടെ അന്നത്തെ ഗവൺമെന്റ് പരാജയം കൊണ്ടും സാമ്പത്തിക പരാധീനത കൊണ്ടും ഇത് ഉപേക്ഷിച്ചു. എന്നാൽ സായിപ്പ് പിന്മാറിയില്ല. പരാജയപ്പെട്ടെങ്കിലും ആത്മവിശ്വാസമുള്ള അദ്ദേഹം ഇംഗ്ലണ്ടിൽ പോയി തന്റെ വസ്തുവകകളെല്ലാം വിറ്റുകൊണ്ടുവന്ന ധനം കൊണ്ടാണ് പിന്നീട് ഡാമിന്റെ നിർമ്മാണം ആരംഭിച്ചത്. ഈ വനത്തെ കുറിച്ചും വന്യജീവികളെക്കുറിച്ചും ശ്രീകാന്ത് പറഞ്ഞു തന്നു കൊണ്ടിരുന്നു. അതിന് അനുസൃതമായി ഒരു ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു. വനത്തിലെ ഓരോ ജീവികളുടെയും ആഹാരവിഹാരങ്ങൾ ഞങ്ങൾ കണ്ടിരുന്നു. അതിൽ നമ്മുടെ സംസ്ഥാന പക്ഷിയായ **മലമുഴക്കി വേഴാമ്പലിനെ**ക്കുറിച്ച് ഒന്ന് കേട്ടോളൂ.

വളരെ ഉയരങ്ങളിലുള്ള വൃക്ഷപ്പൊത്തുകളിലാണ് ഇവ കൂടുണ്ടാക്കുന്നത്. ഇണകൾ ദാമ്പത്യബന്ധത്തിൽ പൂർണ്ണ സത്യസന്ധത പാലിക്കുന്നവരാണ്. മനുഷ്യർ ഇവയെ ഒക്കെ കണ്ട് പഠിച്ചിരുന്നെങ്കിൽ. ആദ്യമായി നല്ല വൃക്ഷപ്പൊത്ത് കണ്ടെത്തി വൃത്തിയാക്കുന്നു, തള്ളപ്പക്ഷി അതിനുള്ളിൽ പ്രവേശിച്ച് തന്റെ തൂവലുകൾ സ്വയം കടിച്ചു മുറിച്ച് ഒരു മെത്തയുണ്ടാക്കി അതിൽ മുട്ടയിടുന്നു. തൂവലില്ലാത്ത തന്റെ ദേഹത്തിന്റെ ചൂട് കൊടുത്ത് അടയിരിക്കും. കൂടിന്റെ പുറത്തോട്ടുള്ള വഴി ചെളിയും തങ്ങളുടെ കാഷ്ഠവും കൊണ്ട് അടച്ച് സുരക്ഷിതമാക്കി നടുക്ക് ഒരു സുഷിരം മാത്രം നിലനിർത്തുന്നു. മുട്ട വിരിഞ്ഞ് കുട്ടികൾക്ക് പറക്കാറാകുമ്പോൾ (60 ദിവസം) തള്ളപ്പക്ഷിക്കും പുതിയ ചിറകുകൾ ഉണ്ടാവും. അതുവരെ ഈ കുടുംബത്തിന്റെ ഏക അവലംബം ആൺകിളി തന്നെ സാക്ഷി, ദൈവവും. കൃത്യമായ സമയങ്ങളിൽ അകിലിന്റെ പഴവും മാംസ്യത്തിനായി ചെറുജീവികളേയും ഇണപ്പക്ഷി എത്തിച്ചു കൊണ്ടിരിക്കും. (അകിലിന്റെ പഴം വേഴാമ്പൽ തിന്നിട്ട് കുരു കാഷ്ഠിച്ചാൽ മാത്രമേ അവ കിളിർക്കുകയുള്ളൂ. ശാസ്ത്രജ്ഞന് ഇത് കിളിപ്പിക്കാനാവില്ല. ഓരോ ജീവിക്കും പ്രകൃതിയുമായുള്ള ഈ വിശ്വബന്ധം എത്ര സുന്ദരമായാണ് സൃഷ്ടാവ് കോർത്തിണക്കിയിരിക്കുന്നത്.) ചിറകുപോലുമില്ലാത്ത ഈ തള്ളപ്പക്ഷിക്കും കുട്ടി

കൾക്കുമുള്ള ഏക അവലംബമാണ് അവളുടെ ഇണപ്പക്ഷി. അവൾക്ക് ഉറപ്പുണ്ട് ഒരു കാരണവശാലും എത്ര സുന്ദരിയായ വേഴാമ്പലിനെ കണ്ടാലും തന്റെ ഭർത്താവ് അതിന്റെ പുറകേ പോകുകയില്ല. എന്നാൽ അവൾക്ക് ഉറപ്പില്ലാത്ത ഒരു കാര്യവും കൂടിയുണ്ട് ഇവർ വളരെ വൃത്തിയുള്ളവരായതിനാൽ കൂട്ടിൽ കാഷ്ഠിക്കുകയില്ല കൂടിന്റെ ദ്വാരത്തിലൂടെ പുറത്തേക്ക് കാഷ്ഠിക്കും. കാഷ്ഠം മരത്തിനോട് ചേർന്ന് വീഴുന്നത് കണ്ടാൽ മുകളിൽ വേഴാമ്പലുണ്ടെന്ന് ചിലർക്ക് തിരിച്ചറിയാം, അവർ മരത്തിൽ കയറി ഇവയെ പിടിച്ച് തിന്നും. ഇവരെ ഏത് ഗണത്തിൽപ്പെടുത്തണം. മനുഷ്യനോ മൃഗമോ? മനുഷ്യഗണത്തിൽ പെടണമെങ്കിൽ മനുഷ്യത്വമുണ്ടാവണം. മൃഗങ്ങളിൽ ചതിയും വിദ്വേഷവുമില്ല അപ്പോൾ പിന്നെ പ്രകൃതിയുടെ താളം തെറ്റിക്കുന്ന കിരാതനായ മനുഷ്യനോട് കവി വചനം തന്നെ പറയുക മാ നിഷാദ!

കാട്ടു വർത്തമാനങ്ങളിങ്ങനെ അനന്തമായി കിടക്കുന്നു. ദുഃഖമോ നിരാശയോ തോന്നിയാൽ ഈ പ്രകൃതിയെ ഒന്ന് നിരീക്ഷിക്കുക. ഓരോ ജീവിയുടേയും ത്യാഗവും സ്നേഹവും പാഠമാക്കുക. പ്രകൃതിയിലെ സകല ചരാചരങ്ങളിലും ഈശ്വര ചൈതന്യം തുടിച്ചു നിൽക്കുന്നു. ഈ മനോഹര ചിത്രം കാണുമ്പോൾ ചിത്രകാരനേയും സ്മരിക്കുക. മനസ്സ് ശാന്തമാകും. തുടർന്ന് എല്ലാവരും സകുടുംബം വേദിയിലെത്തി പരസ്പരം പരിചയപ്പെട്ടിട്ട് കഞ്ഞി കുടിക്കാൻ കാന്റീനിലേയ്ക്ക് പോയി നല്ല ചൂടു കഞ്ഞിയും പയറും കഴിച്ചു. ആരാണിതെല്ലാം തയ്യാറാക്കുന്നത്. വരൂ നമുക്ക് അവരെ കൂടി പരിചയപ്പെടാം. വള്ളക്കടവ് സ്വദേശികളായ രത്തിനമാല, യമുന, ഗായത്രി, രാധ, റസാഖ്, ഉദയകുമാർ, അഭീഷ് എന്നിവരാണ് കാന്റീനിൽ പ്രവർത്തിക്കുന്നത്. എല്ലാവരേയും ദർശനത്തിന്റെ മൈത്രീ സന്ദേശം അറിയിച്ചു. ഓരോ ദർശനവും കൊടുത്തു. ആകാശം നിറയെ നക്ഷത്രങ്ങൾ, മഞ്ഞിൽ അവ കൂടുതൽ ശോഭയോടെ വെട്ടിത്തിളങ്ങുന്നു. ഞങ്ങളിന്ന് ഉടനെ ഒന്നും ഉറങ്ങാൻ തയ്യാറില്ല. വീണ്ടും ഹാളിൽ യോഗം ചേർന്നു. ശ്രീ. ചന്ദ്രൻ പുറക്കാടും, പുഷ്ക്കരൻ മാഷും അച്ഛനെക്കുറിച്ചും ദർശനത്തിന്റെ വീക്ഷണത്തെക്കുറിച്ചും പുതിയ അംഗങ്ങൾക്ക് വേണ്ട അവബോധം നൽകി. അതി ജീവനം എന്ന അച്ഛന്റെ സ്മരണാഞ്ജലിയിലെ

ചോദ്യോത്തര പംക്തി വായിച്ച് ചർച്ച നടത്തി. ഇനി കലാ രംഗം, അംഗങ്ങളൊക്കെ അവരുടെ കലാവാസനകൾ അവതരിപ്പിച്ചു. കവി ശ്രീ. മധുസൂദനൻ നായരുടെ കവിതകൾ അബ്ദുൽ ഹക്കീമിന്റെ മകൻ തൻസീർ നന്നായി പാടി. അഷറഫിന്റെ മകൾ അൽഫിയയും കവിതകൾ പാടി.

## മാനുഷികധ്യാനം

രാവേറെ കഴിഞ്ഞാണ് ഉറങ്ങിയത്. വെളുപ്പിന് ദിനചര്യകൾ കഴിഞ്ഞ് ഓരോ കട്ടൻ കുടിച്ചു. തുടർന്ന് എല്ലാവരും ചേർന്ന് മാനുഷിക ധ്യാനം നടത്തി. നിത്യവും ഉണർന്നെണീറ്റാൽ എല്ലാ തിരക്കുകൾക്ക് നടുവിലും സമാധാനമായിരുന്ന് ധ്യാനം ചെയ്യുക നമ്മളെപ്പറ്റി മാത്രം ചിന്തിക്കുന്ന മനസ്സാണ് സർവ്വ അനർത്ഥങ്ങൾക്കും കാരണം. നാം ഭൂമിക്കാരാണ് പരസ്പര സ്നേഹത്തോടും സേവന മനോഭാവ ത്തോടും കൂടി വേണം ഇവിടെ ജീവിക്കുവാൻ. ഭൂമിയാകെ സർവ്വ ജീവജാലങ്ങളും സസ്യങ്ങളും പരസ്പരം സേവ ചെയ്തു കൊണ്ടാണ് ഇരിക്കുന്നത്. ഇതിനിടയിൽ മനുഷ്യൻ മാത്രമാണ് തൻകാര്യം മാത്രം നോക്കി സ്വയം നശിക്കുകയും പ്രകൃതിയെ നശി പ്പിക്കുകയും ചെയ്യുന്നത്. പ്രകൃതിയുടെ ശ്രുതിമധുര സംഗീത ത്തിലെ അപസ്വരമായി തീർന്നിരിക്കുന്നു ഇന്ന് മനുഷ്യൻ. ഇത് തിരു ത്തുവാൻ അവന് കഴിയും, കഴിയണം. അതിനായുള്ള ദർശനത്തിന്റെ പ്രായോഗികമായ വഴിയാണ് മാനുഷിക ധ്യാനം. അക്രമവും ദുര ന്തങ്ങളും കൊണ്ട് കലുഷിതമായ ലോകത്തിന്റെ ശാന്തിക്കായി ഞങ്ങൾ ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ചു. പ്രശ്നങ്ങളുടെ വേരുകൾ സ്വന്തം മനസ്സിലാണ് പിടിച്ചു നിൽക്കുന്നത്. മനസ്സിനെ ലോകമംഗളകാരി യാക്കി മാറ്റണം. ദേഷ്യത്തെ കാരുണ്യമാക്കുകയും സ്വാർത്ഥതയെ മറ്റുള്ളവരെ കൂടി പരിഗണിച്ച് പരാർത്ഥമാക്കുകയും ചെയ്യുമ്പോ ഴാണ് നമ്മുടെ മനഃസ്ഥിതിയും അതു വഴി പരിസ്ഥിതിയും സുന്ദര മാകുന്നത്. ഇനി കണ്ണുകളടച്ച് ധ്യാനം തുടങ്ങുക. മനസ്സിനെ സാവ ധാനം കൈപിടിച്ചുയർത്തി വീട്ടിലുള്ളവരേയും അയൽക്കാരേയും സ്നേഹിക്കുന്ന തലത്തിലേയ്ക്ക് കൊണ്ടു വന്ന് ശുഭചിന്തകളാൽ പൂരിതമാക്കി നാടും നഗരവും കടന്ന് ഭൂമിയാകെ വ്യാപിക്കട്ടെ. ഇവി ടെയുള്ളവരെല്ലാം എന്റെ ബന്ധുക്കളാണ്. സർവ്വ ചരാചരങ്ങളേയും ഞാൻ സ്നേഹിക്കുന്നു. ഇപ്പോൾ ഭൂമി എന്ന വാഹനത്തിൽ ഒന്നിച്ച്

യാത്ര ചെയ്യുന്നവരാണ് നാം. നമ്മുടെ കൊച്ചു മനസ്സിനെ വികസിപ്പിച്ച് ഈ മഹാ പ്രപഞ്ചവും അതിലൊരു കണികയായ നമ്മളും ഒരേ ചൈതന്യ നൂലിനാൽ കോർത്തിണക്കിയതാണെന്ന ബോധത്തിൽ ശാന്തമായിരിക്കുക. പരസ്പരം പൂരിപ്പിച്ചു കൊണ്ടേയിരിക്കുക. ഈ ലോകത്തിൽ ശാന്തിയും സമാധാനവും പുലരട്ടെ. അതിനായി എന്റെ ചിന്തയും വാക്കും പ്രവൃത്തിയും പരമാവധി ഞാൻ ഉയോഗിക്കും. സാവധാനം കണ്ണുതുറക്കുക.

## ഗവി

നമ്മുടെ അടുത്ത യാത്ര ഗവിയിലേയ്ക്കാണ് തയ്യാറായിക്കൊള്ളൂ. അതാ വനം വകുപ്പിന്റെ രണ്ട് ചെറിയ വാഹനങ്ങൾ നമ്മെ കാത്ത് ഡോർമിറ്ററിയിലെത്തിയിട്ടുണ്ട്. ടിക്കറ്റെല്ലാം സാംജോസും സതീഷ്ചന്ദ്രനും ബസുമയും കൂടി എടുത്തിട്ടുണ്ട് ഒരാൾക്ക് 300 രൂപയാണ് ഫീസ്. രണ്ടു വണ്ടികളിലായി ഞങ്ങൾ 51 പേരും കയറി വനത്തിലൂടെ യാത്ര തിരിച്ചു. എല്ലാവരും ഇരു വശങ്ങളിലേയ്ക്കും മൃഗങ്ങളെ നോക്കിയിരിപ്പാണ്. ഒന്നിനേയും കാണാനായില്ല. ഞങ്ങളുടെ വണ്ടി ഇടയ്ക്ക് നിർത്തി സുന്ദരമായ വഴിയോര കാഴ്ചകൾ കണ്ടു. ഇടയ്ക്ക് റോഡിന്റെ നടുവിൽ ആനപ്പിണ്ഡവും മൂത്രവും കണ്ട് ആന തൊട്ടടുത്തുണ്ടെന്ന് മനസ്സിലായി. അപ്പോഴേയ്ക്കും ഞങ്ങളുടെ മുന്നിലുള്ള വണ്ടിക്കാർ ഞങ്ങളെ തടഞ്ഞു. അവരുടെ വണ്ടിയുടെ മുന്നിലായാണ് ആനയെ കണ്ടു. അത് വഴിമാറി കാട്ടിലേയ്ക്ക് ഇറങ്ങി. അവരാ ദൃശ്യങ്ങൾ പകർത്തിയത് ഞങ്ങളേയും കാണിച്ചു. ഞങ്ങൾ 20 കിലോമീറ്റർ സഹ്യപർവ്വത സാനുക്കളിലൂടെ സഞ്ചരിച്ച് ഗവിയിലെത്തി.

ഗവി ഒരു ചെറിയ ഡാമാണ്. ഇപ്പോൾ തീരെ വെള്ളമില്ല. അതിനാൽ കഷ്ടം തോന്നും. ചില റിസോർട്ടുകളും, അതിനോടനുബന്ധിച്ചുള്ള പൂന്തോട്ടവും ഭക്ഷണശാലകളുമുണ്ട്. ഞങ്ങൾ ഡാമിലൂടെ നടന്നു. ഇത് കാണാൻ വേണ്ടി മാത്രം ഇവിടെ വരെ വരത്തക്ക പ്രാധാന്യമൊന്നും കണ്ടില്ല. എന്നാൽ പിന്നെ വണ്ടിയിൽ കരുതിയിട്ടുള്ള സതീഷ് ചന്ദ്രൻ കൊണ്ടുവന്ന പൊതിയൊന്ന് തുറന്ന് നോക്കാം. അത് നിറയെ വെളിച്ചെണ്ണയിൽ തയ്യാറാക്കിയ നല്ല ഉണ്ണിയപ്പമുണ്ട്. ഗവിയിലിരുന്ന് ഇഷ്ടം പോലെ കഴിച്ചു മറ്റുള്ളവർക്കും കൊടുത്തു. ഗവി കണ്ട് തിരികെ ഡോർമെറ്ററിയിലെത്തി കാന്റീ

നിൽ ചെന്ന് പുട്ടും കടലയും കഴിച്ച് വനയാത്രയ്ക്ക് തയ്യാറായി. ശ്രീകാന്ത് ഞങ്ങളേയും കൊണ്ട് വനയാത്രയ്ക്ക് പോയത് ആദ്യമേ തന്നെ വായിച്ചല്ലോ. ഇനിയും അത് വിളമ്പുന്നില്ല. യാത്ര കഴിഞ്ഞ് വന്നപ്പോൾ 2 മണിയായി. ഞങ്ങൾ ഊണു കഴിച്ചിട്ട് സമാപനയോഗം കൂടി. ശ്രീകാന്തും ഞങ്ങളോടൊപ്പം ക്യാംപിൽ ഉണ്ടെന്നുള്ളത് ഈ യാത്രയുടെ ഒരു വലിയ അനുഗ്രഹമാണ് സന്തോഷമാണ്.

**സമാപനയോഗത്തിൽ** ഇങ്ങനെ നമുക്ക് ഒരു ക്യാംപ് അനുവദിച്ചു തന്ന മനു സത്യൻ (എ.സി.എഫ്) സാറിനോട് മാനുഷിക ധ്യാനത്തിലൂടെ ഞങ്ങളുടെ സ്നേഹം പങ്കു വെച്ചു. ദർശനത്തിന്റെ ഈ യാത്രയുടെ എല്ലാ ഏർപ്പാടുകളും ചെയ്തു തന്നത് നമ്മുടെ ശിവദാസൻ സാറാണ്. ഒരു ബന്ധുവിന്റെ വിവാഹവുമായി ബന്ധപ്പെട്ട് ശിവദാസ് സാറിന് വരാൻ കഴിഞ്ഞില്ല അദ്ദേഹത്തിന് ദർശനത്തിന്റെ വിനീത നമസ്കാരം. മറ്റുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ദർശനത്തിന്റെ സ്നേഹാദര പ്രണാമങ്ങൾ അർപ്പിച്ചു കൊള്ളുന്നു. ശ്രീകാന്തിന് നന്ദി പറയുവാൻ നിവൃത്തിയില്ലാത്ത രീതിയിൽ ഞങ്ങൾ ഒന്നായി കഴിഞ്ഞിരുന്നു. ബാഹ്യമായി വ്യത്യസ്തരെന്നു തോന്നുമെങ്കിലും പരസ്പര സ്നേഹത്തിന്റെ കൊടിക്കീഴിൽ ഒന്നിച്ചു വന്ന ഞങ്ങളെ ശ്രീകാന്ത് അനുമോദിച്ചു. ജാതി-മത ചിന്തകൾക്കതീതമായ ഭൂമിക്കാരന്റെ ചിന്തകൾ ആവുംപോലെ താനും ജീവിത്തിൽ പകർത്തും എന്ന് ശ്രീകാന്ത് പറഞ്ഞു. ഈ ഭൂമിക്കും ഇതിലെ സമസ്ത ജീവജാലങ്ങൾക്കും അപകടം വരുത്തുന്ന ഒന്നാണല്ലോ പ്ലാസ്റ്റിക്. ഇന്നത് പൂർണ്ണമായും ഉപേക്ഷിക്കുവാൻ കഴിയാത്ത രീതിയിൽ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. എങ്കിലും ശ്രീകാന്ത് പ്രായോഗികമായി ഒരു നിർദ്ദേശം വെച്ചു. പ്ലാസ്റ്റിക് കിറ്റുകൾ വാങ്ങുകയോ കൊടുക്കുകയോ ചെയ്യുകയില്ല, യാത്രാവേളയിൽ തുണി സഞ്ചികൾ കരുതുക. നിർദ്ദേശം ഞങ്ങൾ അംഗീകരിച്ചു. ശ്രീകാന്ത് നിർദ്ദേശങ്ങൾ പ്രതിജ്ഞാരൂപത്തിൽ ചൊല്ലിത്തന്നത് ഞങ്ങൾ ഏറ്റു ചൊല്ലി. **പ്ലാസ്റ്റിക് കിറ്റുകൾ വാങ്ങുകയോ കൊടുക്കുകയോ ചെയ്യുകയില്ല. യാത്രാവേളകളിൽ തുണിസഞ്ചികൾ കരുതും.** യോഗത്തിൽ ശ്രീമതി സരോജിനി ടീച്ചർ ഹിമഗിരി വിഹാരം എന്ന സ്വാമി തപോവനത്തിന്റെ ഹിമവൽ യാത്രാ വിവരണം ശ്രീകാന്തിന് സമ്മാനിച്ചു. പ്രൊഫസർ ശിവശങ്കരൻ സാർ

സ്വാധീനസ്വാസ്ത്യമഹാവിദ്യയും നൽകി. **യോഗം ആദരപൂർവ്വം എഴുന്നേറ്റ് നിന്ന് ശ്രീകാന്തിന് അനുമോദനങ്ങൾ അർപ്പിച്ചു.** എല്ലാവർക്കും നന്ദി. ചിലവുകൾ കൂട്ടി പങ്കിട്ടു. ഭക്ഷണവും താമസവും എല്ലാം ഉൾപ്പെടെ ഒരാൾക്ക് 1100 രൂപയായി. വനത്തിനും എല്ലാ ജീവജാലങ്ങൾക്കും, ജീവനക്കാർക്കും, വനലക്ഷ്മിക്കും മംഗളം ഭവിക്കട്ടെ. ഇനി നമുക്ക് വീട്ടിൽ പോവേണ്ടേ എല്ലാവരും ബാഗുകൾ എടുത്തു വെച്ച് വണ്ടിയിലേയ്ക്ക് കയറിക്കൊള്ളുക. ഒരു ചെറിയ വെടിക്കെട്ട് കൂടിയുണ്ട് അതുകഴിഞ്ഞാകാം വീട്ടിൽ പോക്ക്. ഡോർമറ്ററി വിട്ട് നാലു മണിയോടെ വണ്ടി കക്കികവലയിലെത്തിയപ്പോൾ അവിടെ പാർക്കു ചെയ്തിരുന്ന ഒരു വെള്ള സ്വിഫ്റ്റ് കാർ നമ്മുടെ മുമ്പേ ഓട്ടം തുടങ്ങി പിന്നാലെ ഞങ്ങളും. വണ്ടിപ്പെരിയാർ ജംഗ്ഷൻ കഴിഞ്ഞ് രണ്ട് കിലോമീറ്റർ കൂടി വടക്കോട്ടോടി റോഡരുകിൽ കാർ നിന്നു ഒപ്പം ശങ്കരനും.

**ദർശനത്തിന്റെ മിത്രം രതീഷിന്റെ വീടാണിത്.** സഹധർമ്മിണി രമ്യ ആലപ്പുഴ കപ്പക്കട സ്വദേശിനിയാണ്. ദർശനം വനയാത്രയറിഞ്ഞ് രതീഷ് നമ്മളെ ഇങ്ങോട്ട് ക്ഷണിച്ചിരുന്നു. വീടിന്റെ മുകളിലത്തെ നിലയാണ് റോഡിനോട് ചേർന്നുള്ളത്. ഞങ്ങൾ താഴോട്ടിറങ്ങി. വീടിന് മുൻവശം പുഴയൊഴുകുന്നു. എല്ലാവർക്കും ഇരിക്കാൻ വീട്ടുമുറ്റത്ത് ടർപാളിൻ വിരിച്ചിട്ടുണ്ട്. ഞങ്ങൾ വന്നിരുന്നു. രതീഷ് ഈ കൂട്ടായ്മയുടെ സന്ദേശം മഹത്തരമാണെന്ന് സ്മരിച്ചു കൊണ്ട് ഞങ്ങൾക്ക് സ്വാഗതം പറഞ്ഞു. രതീഷിന്റെ അച്ഛൻ കർഷകനായ രവിച്ചേട്ടനും പരിസര വിശദീകരണങ്ങൾ നൽകി. ചെറുവൃക്ഷ ശിഖരങ്ങളിൽ പഴക്കുല കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. ഭക്ഷണത്തിന്റെ ഒരു വലിയ ശേഖരം തന്നെ ഞങ്ങളെ കാത്തിരിക്കുന്നു. ഏങ്കിലും ഞങ്ങൾക്കത് വലിയ ബുദ്ധിമുട്ടുള്ള ജോലിയായിരുന്നില്ല വേഗം തന്നെ തീർത്തു. നദീതീരത്തിരുന്നാണ് ഞങ്ങൾ ഭക്ഷണം കഴിച്ചത്. അക്കരെയ്ക്ക് പോകുവാൻ ഒരു ചങ്ങാടവും കെട്ടിയിട്ടിട്ടുണ്ട്. പിന്നെ ഇക്കരെ നിൽക്കുന്ന കുട്ടികളെ പിടിച്ചാൽ കിട്ടുമോ അവർ ചങ്ങാടത്തിൽ കയറി അക്കരെയ്ക്ക് പോയി. കൂടെ രക്ഷിതാക്കളും. രതീഷിന്റെ കൃഷി സ്ഥലങ്ങളും സുന്ദരമായ കുന്നിൻപ്രദേശവും കണ്ടാണ് അവർ മടങ്ങി വന്നത്. അര മണിക്കൂർ സന്ദർശനത്തിന്

രതീഷിന്റെ വീട്ടിലെത്തിയ ഞങ്ങൾ സമയം പോയതറിഞ്ഞില്ല. രതീഷിനും കുടുംബത്തിനും മംഗളം നേർന്നു കൊണ്ട് ഞങ്ങൾ യാത്ര തിരിച്ചു. അൽപ്പം മലഞ്ചരക്ക് സാധനങ്ങൾ വാങ്ങാൻ നിർത്തിയിട്ട വണ്ടി അമ്പലപ്പുഴ ലക്ഷ്യമാക്കി ഓട്ടം തുടങ്ങി. വണ്ടിയിൽ ബാഷയുടെ നേതൃത്വത്തിൽ കുട്ടികൾ അന്ത്യാക്ഷരി പ്രാസം അനുസരിച്ച് പാട്ടുപാടി തിമിർക്കുകയാണ്. ഇത് പരസ്പരാനന്ദ യാത്രയാണ്. അവർ പാടി രസിക്കട്ടെ. തുടർന്ന് യാത്രാനുഭവങ്ങൾ വണ്ടിയിലിരുന്ന് മൈക്കിലൂടെ എല്ലാവരും പങ്കിട്ടു. നേട്ടവും കോട്ടവും വിമർശനാത്മകമായി വിലയിരുത്തുവാൻ അപേക്ഷിച്ചു. കഴിഞ്ഞ വനയാത്രയിൽ ചാലക്കുടി പുഴയിൽ ശരിക്കും നീന്തി തുടിച്ചു. ഈ യാത്രയിൽ കുളി കുളിമുറിയിലായിപ്പോയി. വെള്ളത്തിൽ ചാടാൻ പറ്റിയ അവസരം കിട്ടിയില്ല. കഞ്ഞിപ്പാടത്തു നിന്നും വന്ന കാക്കാഴം ഹൈസ്കുൾ അധ്യാപകനായ അനിൽകുമാറിന് യാത്രയിൽ അസുഖം തോന്നിയതിനാൽ പരുന്തുംപാറ കണ്ടിട്ട് മടങ്ങിപ്പോരേണ്ടി വന്നു. യാത്രയിൽ അതും ഒരു വിഷമമായി. സുനിമോൾ യാത്രാനുഭവം വിശദീകരിച്ചത് ഇപ്രകാരമായിരുന്നു. ഈ യാത്രയുടെ ആരംഭത്തിൽ വണ്ടിയിൽ കുവളത്തില വിതരണം ചെയ്തപ്പോൾ മുതൽ സുനിമോൾ ഫെയ്സ്ബുക്കിലൂടെ സുഹൃത്തുക്കൾക്ക് യാത്രാനുഭവങ്ങൾ പങ്കിട്ടു കൊണ്ടിരുന്നു അതിനാൽ അവരും മാനസികമായി നമ്മളോടൊപ്പം യാത്രയിലായിരുന്നു. എല്ലാവർക്കും പുത്തൻ അറിവുകൾ കിട്ടിയ യാത്ര സന്തോഷപ്രദമായിരുന്നു. ബസുമ യാത്രാനുഭവങ്ങളോടൊപ്പം യാമങ്ങളെക്കുറിച്ചും ഒരു ക്ലാസ്സെടുത്തു. എല്ലാവരും പരസ്പരാനന്ദ യാത്ര ആസ്വദിച്ചു.

## ഈ യാത്ര അവസാനിക്കുന്നില്ല

പ്രിയമുള്ളവരെ ശാന്തസുന്ദരമായ ഒരു പുതിയ ലോകം സ്വപ്നം കണ്ട് സ്വന്തം കടമകൾ നിർവ്വഹിച്ചു കൊണ്ടുള്ള പരസ്പരാനന്ദ യാത്രയാവട്ടെ നമ്മുടെ ജീവിതം. ഒരു സാഹചര്യത്തിലും മനസ്സ് പതറരുത് ദൈവത്തെ മറക്കരുത്. കഴിയുന്ന സേവനങ്ങൾ പ്രതീക്ഷകളൊന്നും പുലർത്താതെ ചെയ്തു കൊണ്ടേയിരിക്കുക. നാമെല്ലാം ഈ ഭൂമിയിലിപ്പോൾ ഒന്നിച്ച് യാത്ര ചെയ്യുകയാണല്ലോ. നമ്മളാരും ഏറിയാൽ ഒരു 100 വർഷത്തിൽ കൂടുതൽ ഇവിടെ കാണു

കയില്ല. ജീവനിലും ജീവിതത്തിലും നാം ഒന്നാണ്. പരസ്പരാശ്രയത്തിലാണ് ലോകത്തിന്റെ തന്നെ നിലനിൽപ്പ്. മറ്റുള്ളവരുടെ ദുഃഖമകറ്റുകയാണ് സന്തോഷത്തിനുള്ള മാർഗ്ഗം. മനുഷ്യൻ പ്രകൃതിയെ സ്നേഹിക്കുമ്പോൾ പ്രകൃതി നമ്മേയും സ്നേഹിക്കും. കാലാവസ്ഥ അനുകൂലമാകും, നദികൾ ശുദ്ധജലവാഹിനികളാകും. മനുഷ്യൻ ആവശ്യത്തിൽ കവിഞ്ഞ് ആഡംബര ജീവിതത്തിനായി പ്രകൃതിയെ ചൂഷണം ചെയ്യുകയും പരസ്പരം പോരടിക്കുകയും ചെയ്താൽ പ്രകൃതി നോക്കിയിരിക്കുകയില്ല. ശക്തിയായി തിരിച്ചടിക്കും. ആകാശത്തിലേയ്ക്ക് ഉയർന്ന് ഈ ഭൂമിയെ ഒന്ന് നോക്കുക ഇവിടെവിടെയാണ് ശാന്തിയും സമാധാനവും. ലോകം അന്ധകാരാവൃതമാണ്. ലക്ഷോപലക്ഷം വർഷങ്ങളായി മനുഷ്യൻ ഭൂമിയിൽ പാർക്കുന്നു, സാങ്കേതിക വിദ്യയും ശാസ്ത്രവും മതവും ഒരുപാട് പഠിച്ചു. പക്ഷേ നമുക്ക് സമാധാനമായി ജീവിക്കുവാൻ മാത്രം അറിഞ്ഞു കൂട. നമുക്ക് വേണ്ടതിലെത്രയോ അധികം ഭക്ഷണം ഈ ഭൂമിയിൽ നിന്നും വിളയിച്ചെടുക്കാം പങ്കിട്ടു കഴിക്കാം. പക്ഷേ കൃഷിക്ക് നേരമില്ല. നാം ഒരു ജനതയാണ്. ബന്ധുത്വ സംസ്കാരത്തോടെയാണ് ജീവിക്കേണ്ടത്. തിരഞ്ഞെടുപ്പും മത്സരവും വർദ്ധിച്ചു വരുന്ന സംഘർഷങ്ങളും യുദ്ധവും രോഗങ്ങളും പ്രകൃതിക്ഷോഭങ്ങളും കൊണ്ട് ഭൂമി നരകതുല്യമായി മാറിക്കൊണ്ടിരിക്കുന്നു. ഭൂമിക്ക് പൊള്ളുന്നു ഏങ്കിലും പ്രതീക്ഷയ്ക്ക് വകയുണ്ട് നല്ല സ്വപ്നം കണ്ടു കൊണ്ട് ഈ അന്ധകാരത്തിലും വിശ്വമൈത്രീ ഭവനയുടെ ദീപം തെളിച്ചു കൊണ്ട് നമുക്ക് ജീവിതയാത്ര തുടരാം. അച്ഛന്റെ വാക്കുകളിലേക്ക് ഒന്നെത്തിനോക്കാം.

*അകലങ്ങളും, കലഹങ്ങളും വിഭാഗീയതകളും നീക്കി ഹൃദയശുദ്ധി കൈവരുത്തുന്നതിനാവണം നമ്മുടെ ഇനിയുള്ള സകല നീക്കങ്ങളും. ആരുടെ ഭാഗത്താണ് ശരി, ആർക്കാണ് തെറ്റ് പറ്റിയത് എന്നൊന്നും പുറകോട്ടുപോയി ചികഞ്ഞുനോക്കാൻ ശ്രമിക്കാതെ, നല്ലൊരു ഭാവിജീവിതത്തിനു വേണ്ടി എല്ലാ കലഹങ്ങളും സുല്ലിട്ടവസാനിപ്പിക്കു വാൻ ഇന്നുമുതൽ ഓരോരുത്തരും ശ്രമം തുടങ്ങണം. എനിക്കാരോടും പകയില്ല, ഞാൻ എല്ലാവർക്കുംവേണ്ടി എന്നാലാവുന്നതു ചെയ്യാം എന്നു പറയുവാൻ നമുക്കോരോരു*

*ത്തർക്കും കഴിയണം. പിണക്കങ്ങൾ എല്ലാം അവസാനിപ്പിച്ച് അന്യോന്യജീവിതം തുടങ്ങാം. അപമാനിതനായും, തോറ്റും, നഷ്ടം സഹിച്ചും ബന്ധം നിലനിർത്തണം. അപ്പോഴേ അതിന്റെ മഹത്വവും, സുഖവും ശാന്തിയും സുരക്ഷിതത്വവും നമുക്കനുഭവമാകൂ.*

*വീട്ടിൽ തുടങ്ങാം. വീട്ടിനുള്ളിൽ അംഗങ്ങൾ അന്യോന്യം ബോധപൂർവ്വം അനുനിമിഷം അനന്യഭാവം നിലനിറുത്താൻ ശ്രമിക്കണം. അയൽക്കാരിലേയ്ക്കും പരസ്പരം അത് പടരണം. 'ഭൂമിക്കാർ' എന്ന ബോധവും വികാരവും ഓരോരുത്തരിലും തളിർത്ത് പൂത്തു വിരിഞ്ഞുവരണം. പൂക്കുന്നതെല്ലാം കരിയുന്ന കാലാവസ്ഥയാണിന്നുള്ളത് എന്നു സമ്മതിക്കുന്നു. അതുകൊണ്ട് പൂക്കാതിരിക്കരുത്. അന്യോന്യ ഭാവം ഭൂമിയിലാകെ നിറയുന്നതിന് ഓരോ മനസ്സും ഉടവിടമാകണം. എന്റെ മനസ്സിൽ നിന്ന് ഒരുറവ ജനിക്കട്ടെ. അതെനിക്കാകാമല്ലോ. അപരനേയും പ്രേരിപ്പിക്കാം. ഇതാണ് മനുഷ്യ ജീവിതം. ഒന്നിച്ച് ഒരടി മുന്നോട്ടുവയ്ക്കുവാൻ കഴിഞ്ഞാൽ അത്രയും നന്ന്.*

*പരസ്പരം അടുത്ത് ജീവിക്കാൻ തയ്യാറായാൽ മാത്രം മതി. മക്കൾ ഒന്നിച്ചു സ്നേഹത്തിലായാൽ ഭൂമി ചുരത്തിത്തരും. ഇവിടെ എല്ലാം വേണ്ടതിലെത്രയോ അധികമുണ്ട്. ഒന്നിച്ചെടുത്ത് പങ്കിട്ടു കഴിച്ച് സാനന്ദം ആടിപ്പാടി ഭൂമിയിലാകെ വിഹരിക്കാം. ആയിരം വിശ്വാസങ്ങളും ആയിരമായിരം ആചാരങ്ങളും ഭാഷകളും നിലനിന്നുകൊള്ളട്ടെ. ജീവിതം അത് ഒന്നിച്ചാണ്, അന്യോന്യമാണ്. നിന്റെ വിശ്വാസം എന്തായിരുന്നാലും നീ എന്റേതും ഞാൻ നിന്റേതുമാണ്.*

## ചിരി എന്തിന് ?

**സനൽകുമാർ 9605896925**

ഒന്നു ചിരിക്കാത്തവർ, അഥവാ ഒന്നു ചിരിക്കാൻ കൊതിക്കാത്ത വ്യക്തി നമ്മുടെ സമൂഹത്തിലുണ്ടാവില്ല. നമുക്കു വളരെ വേണ്ടപ്പെട്ട ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ, അല്ലെങ്കിൽ നല്ല ഒരു ഫലിതം കേൾക്കുമ്പോൾ ചിരിക്കുന്നത് സ്വാഭാവികമാണ്. എന്നാലിക്കാലത്ത് ചിരികൂടുതലും അന്യരെ ദുഷിച്ചിട്ടും, മറ്റുള്ളവർക്കെ

ന്തെങ്കിലും ആപത്തോ പതനമോ സംഭവിക്കുമ്പോഴുമാണ്. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും വരുന്നതാണ് യഥാർത്ഥചിരി. മറ്റുള്ളവരുടെ കുറവുകൾകണ്ടു പരിഹസിച്ചു ചിരിക്കാൻ എളുപ്പമാണ്. ഒരാൾക്കെന്തെങ്കിലും സത്കാര്യം സാധിച്ചാൽ കേൾക്കുന്നയാൾ ചിരിക്കുമെങ്കിലും, ഉള്ളിൽ അസൂയയോ പുച്ഛമോ ആണുള്ളത്. മനസ്സിൽ സംഘർഷം നിറച്ചു വെച്ചുള്ള ചിരി യഥാർത്ഥ ചിരിയല്ല. അതു മുഖത്തെ പേശികളുടെ സങ്കോചവികാസങ്ങൾ മാത്രമാണ്. അന്യരെ ദുഷിക്കുമ്പോൾ സ്വന്തം ദുർബലതകളെ കാണുവാനോ, തിരുത്തുവാനോ കഴിയാതെ പോകുന്നു. മറ്റുള്ളവരുടെ ന്യൂനതകളെ ഓർത്തും പറഞ്ഞും ചിരിക്കുന്നതിനേക്കാൾ, സ്വന്തം ദുർബലതകളെയോർത്തു ചിരിക്കുകയും അതിനെ അതിജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ് വിവേകശാലികൾ. അമ്മ പറയുന്നു: "മൂന്നു തരത്തിലുള്ള ചിരിയുണ്ട്. ഒന്ന് മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളും അബദ്ധങ്ങളും വിഢിത്തരങ്ങളും ഓർത്തുള്ള ചിരി. രണ്ടാമത്തേത് സ്വന്തം കുറവുകളും വിഢിത്തരങ്ങളും ഓർത്തുള്ള ചിരി. പിന്നീടുള്ളത് ആത്മാനന്ദത്തിൽ ലയിച്ച് എല്ലാം മറന്ന്, ലോകം തന്നെ മറന്നുള്ള ചിരി. ഇതിൽ ആദ്യത്തേത് ഏറ്റവും താഴ്ന്ന തരത്തിലെ ചിരിയാണ്. രണ്ടാമത്തേത് കുറച്ചു കൂടി ഉയർന്ന തലത്തിലെ ചിരി. ഏറ്റവും ഉയർന്ന തലത്തിലെ ചിരിയാണ് മൂന്നാമത്തേത്. അവനവന്റെ തെറ്റുകളും ദൗർബല്യങ്ങളും തിരിച്ചറിഞ്ഞ് അവയെ നോക്കിച്ചിരിക്കുകയും അതിനതീതമായിപ്പോവാൻ ശ്രമിക്കുകയും ചെയ്താൽ ക്രമേണ മൂന്നാമത്തെ ചിരി സ്വന്തമാക്കാം".

മറ്റുള്ളവരുടെ ദുഃഖം സ്വന്തം ദുഃഖവും അവരുടെ സന്തോഷത്തെ നമ്മുടെ സന്തോഷമായും കാണുന്നവർക്കേ സമാധാനപൂർണ്ണമായ ജീവിതം സാദ്ധ്യമാവൂ. അതിനു സ്വന്തം മനസ്സിൽ കുടികൊള്ളുന്ന പക, വിദ്വേഷം, അസൂയ എന്നിവയെ പൂർണ്ണമായും ത്യജിച്ചേ കഴിയൂ. കരഞ്ഞു കൊണ്ട് പിറന്നു വീണ മനുഷ്യന്റെ അന്ത്യവും രോദനത്തോടെ (ദുഃഖം നിറഞ്ഞ മനസ്സോടെ) യാവാതെയിരിക്കാൻ ഏവർക്കും ഒന്നായി പരിശ്രമിക്കാം.

ലോകാഃ സമസ്താഃ സുഖിനോ ഭവന്തുഃ

("മാതൃവാണി" മാസികയോടു കടപ്പാട്)

# പൊതുവിവരങ്ങൾ

1. **ശാന്തായനം** :- ശ്രീ. വെണ്മണി രാജഗോപാലിന്റെ സഹധർമ്മിണി ശാന്തടീച്ചർ അന്തരിച്ചു. സാറിനെ പോയികണ്ട് ദർശനത്തിന്റെ പ്രണാമം അർപ്പിച്ചു. രണ്ടാഴ്ച കഴിഞ്ഞ് വീണ്ടും ഒന്നു പോയി. ടീച്ചറിന്റെ വേർപാടിൽ ദുഃഖിതനായിരിക്കുന്ന കവിയെ കണ്ടു. അവരുടെ കുടുംബ ജീവിതത്തെക്കുറിച്ചും. വേർപാടിനെക്കുറിച്ചും ശ്രദ്ധേയമായ പല കാര്യങ്ങളും സാർ പറഞ്ഞു തന്നു.

വെൺമണി എന്ന ശാന്തസുന്ദരമായ ഗ്രാമം. അവിടെ 50 വർഷം മുമ്പായിരുന്നു സാറും ശാന്തടീച്ചറും തമ്മിലുള്ള വിവാഹം നടന്നത്. ആദ്യ ദിവസം തന്നെ സാർ ടീച്ചറുമായി അടുത്തുള്ള മലമുകളിലേയ്ക്ക് ഒന്നു കയറി. അസ്തമയ സൂര്യപ്രഭയിൽ കുളിച്ചു നിൽക്കുന്ന മനോഹരമായ കുന്നിൻപുറം. അതാസ്വദിച്ചു കൊണ്ട് സാർ ടീച്ചറോട് പറഞ്ഞു. നോക്കൂ എത്ര മനോഹരമാണ് ഈ കാഴ്ചകൾ. എന്നാൽ ഈ പ്രകൃതി പോലെ അത്ര സുന്ദരമല്ല മനുഷ്യ ജീവിതം. വളരെ ശ്രദ്ധയോടെ ജീവിതത്തെ സമീപിച്ചില്ലെങ്കിൽ അന്തരീക്ഷം കാർമേഘം കൊണ്ടു നിറയും. അത് സംഭവിക്കാതിരിക്കുവാൻ നമുക്ക് ഒരു വ്യവസ്ഥ വെക്കണം. എന്ത് വ്യവസ്ഥ ടീച്ചർ ആകാംക്ഷയോടെ ചോദിച്ചു. സാർ പറഞ്ഞു: നമ്മുടെ പൊതു ശത്രുവാണ് കോപം. അതിനെ വീട്ടിൽ കയറ്റാൻ കൊള്ളുകയില്ല. കയറിയാൽ രോഗാണുക്കളേക്കാൾ വേഗം അത് പടരും. അതിനാൽ വ്യവസ്ഥ ഇതാണ് ഞാൻ ദേഷ്യപ്പെട്ട് എന്ത് പറഞ്ഞാലും നീ തിരിച്ച് ദേഷ്യപ്പെടരുത്. മറ്റൊരവസരത്തിൽ നീയെന്നോട് ക്ഷോഭത്തോടെ എന്തു പറഞ്ഞാലും ക്ഷമിക്കുമെന്ന് ഞാൻ വാക്കു തരുന്നു. വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് ഞാനിപ്പൊഴേ ശാന്തയാണെന്ന് ടീച്ചർ പറഞ്ഞു. ജീവിതകാലം മുഴുവൻ ഇരുവരും ഈ പ്രതിജ്ഞ അഭംഗുരം കാത്തു സൂക്ഷിച്ചു. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളപ്പോൾ രാത്രി ഒരുമിച്ചിരുന്ന് തീർപ്പു കൽപ്പിച്ചു. ടീച്ചർക്ക് എത്ര രൂപയാണ് ശമ്പളമെന്ന് ഇതുവരെ എണ്ണി നോക്കിയിട്ടില്ല. പൊതി സാറിനെ ഏൽപ്പിക്കും. അവരുടെ ആവശ്യങ്ങൾ പറയാൻ സാറും അവസരം കൊടുത്തിട്ടില്ല. അതിനു മുമ്പായി സാറത് സാധിച്ചിരിക്കും.

കുടുംബജീവിതം അങ്ങനെ നദി പോലെ 50 വർഷം ഒഴുകി. മൂന്ന് കുട്ടികൾ ഉണ്ടായി. അവർ മാതാപിതാക്കളെ കണ്ട് പഠിച്ചു. അദ്ധ്യാപകരെ ബഹുമാനിക്കണം. സ്കൂളിൽ ബാഹ്യശക്തികളുടെ നിയന്ത്രണം ഉണ്ടാകാതെ സംരക്ഷിച്ചു. വിദ്യാഭ്യാസകാലം പഠിക്കുവാനുള്ളതാണ്. രാഷ്ട്രീയ പ്രവർത്തനങ്ങൾക്കുള്ളതല്ല എന്ന് ബോദ്ധ്യപ്പെടുത്തി. അവർ വളർന്ന് ഉദ്യോഗസ്ഥരായി നല്ല നിലയിൽ കഴിയുന്നു. കുറുപ്പു സാറിന്റെ ദർശനം മാസംതോറും ശാന്താഭവനത്തിൽ എത്തിക്കൊണ്ടിരുന്നു. കുറുപ്പു സാർ ഇരുവർക്കും ആദർശ പുരുഷനായിരുന്നു. എന്റെ ഗുരുനാഥൻ എന്ന കവിത അച്ഛന് അന്ത്യാഞ്ജലി അർപ്പിച്ച് എഴുതിയതാണ്. ഇവിടെ ഒന്നും ശാശ്വതമല്ല മാറ്റം പ്രകൃതി നിയമമാണ്. ആരോഗ്യശബ്ദത്തിൽ രോഗവും അടങ്ങിയിരിക്കുന്നു. ആരോഗ്യവതിയായിരുന്ന ടീച്ചർ പെട്ടെന്ന് അർബുദരോഗബാധിതയായി എറണാകുളത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു സന്ധ്യാനേരം വീട്ടിൽ സാർ മാത്രം. ശാന്തയില്ല ഏകാന്തത അനുഭവപ്പെട്ടു. നിത്യവും സന്ധ്യയ്ക്ക് വിളക്കു കത്തിച്ച് സംഗീതാധ്യാപികയായ സഹധർമ്മിണി കൃഷ്ണസ്തുതികൾ പാടാറുള്ളതാണ്. സാർ അത് കാണാറുണ്ടെങ്കിലും ദീപം തെളിക്കലും പ്രാർത്ഥനയുമൊന്നും സാറിന് താത്പര്യമുള്ള കാര്യങ്ങളല്ല വിരോധവുമില്ല. ഇന്നീ സന്ധ്യയ്ക്ക് ഇവിടെ കൃഷ്ണവിഗ്രഹവും വിളക്കുമുണ്ട് പിന്നെ സാറും. കുറച്ചു നേരം കൃഷ്ണനെ നോക്കിയിരുന്നു. പിന്നെ ഏതോ ഒരു ഉൾപ്രേരണയോടെ സാർ എണീറ്റ് ആദ്യമായി ആ വിളക്ക് തെളിയിച്ചു. ടീച്ചർ പാടാറുള്ള കീർത്തനങ്ങൾ ചൊല്ലി. രാത്രി ഉറങ്ങാതെയിരുന്ന് രണ്ട് കൃഷ്ണസ്തുതികൾ രചിച്ചു. അതോടെ മനസ്സിന് ശാന്തി കിട്ടി സുഖമായി ഉറങ്ങി. രാവിലെ ഡോ. അമ്പലപ്പുഴ ഗോപകുമാറിനെ കണ്ട് കവിത പരിശോധിക്കാനായി ഏൽപ്പിച്ചു. സാർ അത് ഇഷ്ടപ്പെട്ടതിനാൽ ശ്രീവത്സത്തിൽ പ്രസിദ്ധീകരിച്ചു. പ്രിയ വായനക്കാരേ, പലതും മനസ്സിലായി കാണുമല്ലോ. ശരിയെന്നു തോന്നുന്നതൊക്കെ സ്വീകരിച്ചുകൊള്ളുക. ശാന്തടീച്ചറിന്റെ സ്മരണകളുമായി കുടുംബവും നയിച്ചുകൊണ്ട് കവിതാലോകത്തിൽ ശ്രീ. വെണ്മണി രാജഗോപാൽ ഇന്നും സഞ്ചരിക്കുകയാണ് ഒറ്റയ്ക്കല്ല. നിങ്ങൾക്കൊരുപക്ഷേ കാണാൻ കഴിയുന്നില്ലെങ്കിലും തൊട്ടു പിറകിലായുള്ള പാദപതനം സാറിന് കേൾക്കാം.

## 2. അഷറഫിന്റെ ഉമ്മ - നബീസ (78)

വാർദ്ധക്യ സംബന്ധമായ അസുഖത്തെ തുടർന്ന് 78-ാം വയസ്സിൽ അന്തരിച്ചു. സംസ്കാര ചടങ്ങിൽ ദർശനം മിത്രങ്ങളും പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു. ഇടയ്ക്ക് ലതയുമായി പോയി കണ്ട് മരുന്ന് കൊടുത്തിരുന്നു. വനയാത്രാവേളയിൽത്തന്നെ ഉമ്മയ്ക്ക് സുഖമില്ലായിരുന്നു. ഉമ്മയെ മകനേയും സഹോദരികളേയും ഏൽപ്പിച്ചിട്ടാണ് അഷറഫ് വനയാത്രയ്ക്ക് വന്നത്. ഇപ്പോൾ കുടുംബത്തെ അഷറഫിനെ ഏൽപ്പിച്ചിട്ട് ഉമ്മ കടന്നു പോയി. ഉമ്മയ്ക്ക് തൃപ്തിയോടെ യാത്രയാവാം. കുറുപ്പുസാറിന്റെ അയൽക്കൂട്ട പ്രവർത്തന രംഗത്തേയ്ക്ക് ഒരു പുത്രനെ നൽകാനായല്ലോ എന്ന കൃതാർത്ഥതയോടെ.

**3. പ്രതിമാസ യോഗങ്ങൾ** :- ഡിസംബറിൽ നീർക്കുന്നത്ത് ഡോ.പത്മകുമാറിന്റെ വസതിയിലായിരുന്നു കൂടിച്ചേരൽ. ധന്യയിൽ കൂടുന്ന യോഗങ്ങളിലേയ്ക്ക് ചേട്ടൻ വരികയായിരുന്നു പതിവ്. എന്നാൽ കോഴിക്കോട് ഒരു ക്ലാസ്സിന് പോയിട്ട് വരുമ്പോൾ റെയിൽവേ സ്റ്റേഷനിൽ വീണ് ചേട്ടന് കാലിന് പരിക്കു പറ്റി. വീണയുടനെ ചേട്ടൻ ഒരു സുഹൃത്തിനെ വിളിച്ചു. അദ്ദേഹം ഉടനെത്തി. ആശുപത്രിയിൽ എത്തിച്ച് വേണ്ട പ്രഥമ ശുശ്രൂഷ ചെയ്തു. അപ്പോഴേയ്ക്കും അനുജൻ മോഹനൻ ഇവിടെ നിന്നും കോഴിക്കോട്ടെത്തി ഒരു വാഹനത്തിൽ ചേട്ടനെ ഇങ്ങ് കൊണ്ടു പോന്നു. ഇപ്പോൾ പ്രശ്നമൊന്നുമില്ല, അസ്ഥിക്ക് ഒരു ചെറിയ പൊട്ടലുള്ളതിനാൽ വിശ്രമം വേണം. ഞങ്ങൾ ഒന്നിച്ചിരുന്ന് നേരായ വഴി എന്ന ദർശനം ലേഖനം വായിച്ചു. അവനവനിലേയ്ക്ക് ചുരുണ്ടു കൂടുന്ന മനസ്സാണ് സർവ്വ പ്രശ്നങ്ങൾക്കും കാരണം. അറിവും അഭ്യാസവും കൊണ്ട് നാം സമൂഹജീവിതത്തിലേയ്ക്ക് ഉയരണം. അപ്പോൾ നമ്മളുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന സന്ദേശമായിരുന്നു ലേഖനത്തിന്റെ കാതൽ. പുതുവർഷ ധ്യാനവും വനയാത്രയും പ്ലാൻ ചെയ്തു. ഡോ. ഗിരിജചേച്ചി ഉണ്ടാക്കിത്തന്ന പരിപ്പുവടയും ജാപ്പിയും കഴിച്ച് മാനുഷികധ്യാനവും നടത്തി ഞങ്ങൾ പിരിഞ്ഞു. ഡോ. ഗോപാലകൃഷ്ണൻ, ചന്ദ്രൻ പുറക്കാട്, ഹംസാസാർ, അഷറഫ്, സതീഷ് ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. **ഏപ്രിൽമാസത്തിലെ യോഗം 9-ാം**

**തീയതി ആവട്ടെ. നല്ല നിലാവ് കാണും. മൈത്രീഭാവന നിലാവിൽ കൂടുതൽ വിടരും. സ്വാഗതം.**

## 4. കടൽത്തീരത്തെ മാനുഷിക ധ്യാനം

ജനുവരി ഒന്നാം തീയതി വൈകിട്ട് 4 മണി മുതലേ ദർശനം മിത്രങ്ങൾ മാനുഷികധ്യാനത്തിനായി എത്തിത്തുടങ്ങി. വൈക്കത്തു നിന്നും പുഷ്ക്കരൻ മാസ്റ്റർ സഹധർമ്മിണി രാധാമണി ചേച്ചി അധ്യാപികയായ മകൾ ഇന്ദു കൊച്ചുമകൾ നളിന എന്നിവരുമായി എത്തി. ഡോ. ജേക്കബ്ബ് വടക്കാഞ്ചേരിയും ജോർജ്ജ് തോമസും ഒന്നിച്ചാണ് വന്നത്. ശ്രീ ബേബിജോൺ താമരവേലി "ഭൂമിക്കാരോട് ചില വാക്കുകൾ" എന്ന ദർശനം ഉൾക്കൊള്ളുന്ന തന്റെ കവിതാ സമാഹാരത്തിന്റെ പ്രകാശനത്തിന് ക്ഷണക്കുറിയുമായാണ് എത്തിയത്. കബീർ (പാലക്കാട്), ഗോവിന്ദൻ, ഷാജി, അഷറഫ്, സാം ജോസ്, അനിൽകുമാർ, സജീവൻ, ഡോ. ഗോപാലകൃഷ്ണൻ, ഗോപകുമാർ, ചന്ദ്രൻപുറക്കാട് ഡോ. പത്മകുമാർ, പ്രദീപ്കൂട്ടാല, രമ, ശാന്തിനി, രാധിക, ആദിത്യ, അർജ്ജുൻ, ആതിര, ഗോവിന്ദൻ തുടങ്ങി കുറുപ്പു സാറിന്റെ മക്കളും കൊച്ചു മക്കളും ധ്യാനത്തിനായി വന്നിട്ടുണ്ട്. എല്ലാവരും ഒന്നിച്ചു കൂടി സൗഹൃദം പുതുക്കി അരിയുണ്ടയും ജാപ്പിയും കഴിച്ച് അഞ്ചരമണിയോടെ കടപ്പുറത്തേയ്ക്ക് തിരിച്ചു. അസ്തമനത്തിന് മുമ്പ് കടപ്പുറത്തെത്തി. കടലും സൂര്യാസ്തമനവും തൂവെള്ള മണൽപ്പരപ്പും ചേർന്നുണ്ടാകുന്ന സൗന്ദര്യം വിവരിക്കുവാൻ വാക്കുകൾക്കാവില്ല. എല്ലാവരും കടപ്പുറത്ത് വട്ടം കൂടിയിരുന്നു. ധ്യാനാത്മകമായ അന്തരീക്ഷം. കുറുപ്പുസാറിന്റെ വീട്ടുകാരുടെ ശ്രദ്ധയ്ക്ക് എന്ന മുഖലേഖനം പ്രദീപ് കൂട്ടാല വായിച്ചു. തുടർന്ന് ചർച്ചയും പരിചയപ്പെടലുമായി കടപ്പുറത്തെ തണുത്ത കാറ്റുമാസ്വദിച്ചിരുന്നു. ആരോഗ്യരംഗത്തെ സംശയങ്ങൾക്ക് ഡോ. ജേക്കബ്ബ് വിശദീകരണങ്ങൾ നൽകി. മാനുഷിക ധ്യാനത്തിന് നേരമായി. ഡോ, ഗോപാലകൃഷ്ണൻ സമുദ്രാഭിമുഖമായി വന്നിരുന്ന് ധ്യാനവാക്യങ്ങൾ പറഞ്ഞു തുടങ്ങി. സാവധാനം വീട്ടിൽ തുടങ്ങി കുടുംബാംഗങ്ങളിലെല്ലാം മൈത്രീ ഭാവന വിടർത്തി ചുറ്റുമുള്ള വീടുകളും നാടും കടന്ന് മനസ്സ് സാവധാനം വികസിച്ച് ആഗോള മാനുഷിക ധ്യാനതലത്തിലെത്തുന്നു. അനന്താകാശത്തിലുള്ള ഭൂമി

യെയും അവിടെ ഭൂമിക്കാരെയും കണ്ട് എല്ലാം ഒന്നെന്നു നിനച്ച് ഹൃദയം കൊണ്ട് അന്യോന്യഭാവം വളർത്തി വീണ്ടും മനസ്സുയുർത്തി പ്രപഞ്ചധ്യാനത്തിൽ ലയിക്കുന്നു. പടിപടിയായി മനസ്സിനെ ഈ തല ത്തിലേക്ക് ഉയർത്തി അല്പ സമയം അവിടെ നിർത്തിയിട്ട് മറ്റുള്ളവരുടെ കുറ്റങ്ങൾ നോക്കാതെ എല്ലാവരേയും ആത്മഭാവ ത്തിൽ കണ്ട് സ്നേഹിക്കണമെന്ന തത്വം മാനുഷികധ്യാനത്തിലൂടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിച്ച് എല്ലാവരും കണ്ണു തുറക്കുവാൻ സാർ നിർദ്ദേശിച്ചു. അനന്തരം എല്ലാവരും നീർക്കുന്നത്തെത്തി കഞ്ഞിയും കപ്പയും ഉപ്പിലിട്ടതും ഒക്കെയായി ഒന്നിച്ച് വിളമ്പിക്കഴി ച്ചു. ഹ്രസ്വമെങ്കിലും എല്ലാവരുടേയും ഉള്ളിൽ മൈത്രീഭവാന വിടർന്നതിന്റെ സുഗന്ധവും ഈ യോഗത്തിനുണ്ടായിരുന്നു. പുതുവർഷ കലണ്ടറുമായി രാത്രി 10 മണിയോടെ എല്ലാവരും യാത്ര പറഞ്ഞു.

## 5. റ്റി.വി. ഹരികുമാറിന്റെ കത്ത് :-

പ്രിയ എഡിറ്റർ,

ദർശനം മുടക്കം കൂടാതെ കിട്ടുന്നു. ദർശനത്തിലെ എല്ലാ വിഭവങ്ങളും മനസ്സിരുത്തി വായിക്കുന്നു. മെഡിക്കൽ കോളേ ജിന് പിൻവശത്തുള്ള ഗ്രാമപ്രദേശത്തെ ആത്മഹത്യാ പ്രവണത ഇല്ലായ്മ ചെയ്യുവാൻ ദർശനം പ്രവർത്തകരുടെ ഇടപെടൽ വായിച്ചു വളരെ നല്ലത്. നമ്മുടെ സമൂഹത്തിൽ മദ്യം, മയക്കു മരുന്ന് പോലുള്ള ഛിദ്രശക്തികളും, മറ്റ് അസാന്മാർഗ്ഗിക പ്രവൃത്തികളും തടയാൻ നമുക്ക് മുന്നിട്ടിറങ്ങണം. പങ്കജാക്ഷക്കുറുപ്പു സാറിന്റെ ദർശനം അതിന് വഴികാട്ടിയാണ്. ആശംസകളോടെ

ഹരികുമാർ 9446118387

**മടിശ്ശീല** :- സരോജിനി ചേച്ചി (പറവൂർ) - 500, അമ്മിണിചേച്ചി, പാലത്തിട്ട - 100, അനിൽകുമാർ കൈതക്കളം - 1000, ബാഷ, മുല്ലാ മൻസിൽ - 200, അനന്തപ്പൻ - 500, ഗോവിന്ദൻകുട്ടി നായർ, ഗാന്ധി സ്മാരകം - 200, അഡ്വ. രാമകൃഷ്ണൻ - 500, രാധമ്മ (ശ്രീനാഥ് സാറിന്റെ അമ്മ) - 300, ജമാൽ, ഹരിപ്പാട്-200, ലീന, ചേർത്തല-200. എല്ലാവർക്കും പ്രണാമം. അടുത്തെങ്ങും ദർശനവുമായി ബന്ധ പ്പെടാത്തവർ തുടരേണമെങ്കിൽ അറിയിക്കണം

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

## ദുഃഖത്തിന്റെ കാതൽ

രോഗങ്ങളും ആപത്തുകളുംകൊണ്ട് മനുഷ്യർ വളരെ കഷ്ടപ്പെടുന്നുണ്ട്. ഇതിന്റെയൊക്കെ കാരണം രോഗാണുക്കളുടെയും ഭക്ഷണതകരാറിന്റെയും ഒക്കെ തലയിൽ കെട്ടിവെച്ച് തടിതപ്പുന്നത് ശരിയാണോ? വിധിയെ പഴിച്ചാൽ പ്രശ്നം തീരുമോ? നമ്മുടെ കൈയിലിരുപ്പാണ് പ്രശ്നങ്ങളുടെ യഥാർത്ഥ കാരണം. നമ്മെ വളർത്തി ഇവിടെവരെയെത്തിച്ചതിൽ സമൂഹത്തിനൊരു പങ്കുണ്ട്. സേവനത്തിലൂടെ എല്ലാവരും അത് തിരിച്ചുകൊടുക്കണം. ആർക്കെങ്കിലും ഒരു സഹായം ചെയ്യേണ്ട അവസരം വരുമ്പോൾ അവധിക്ക് അപേക്ഷിക്കുകയോ നോ പറയുകയോ ചെയ്യരുത്. നമുക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ വേണ്ട. നല്ലതു ചെയ്യുന്നവരെ കുറ്റം പറയാതെ ഇരുന്നുകൂടേ. നമ്മുടെ കൈയിലിരുപ്പുതന്നെയാണ് ദുഃഖത്തിന്റെ കാതൽ.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306